SDOF SUNDAY

Vol. 01 No. 09 THE ONLINE OFFICIAL NEWS BULLETIN OF SDOF 2026 July 19

മലങ്കരസഭാ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ആത്മീയ പ്രസ്ഥാനങ്ങൾക്കും സഭാ സ്ഥാപനങ്ങൾക്കും അനുവദിച്ച പുതിയ ഓഫീസ് സമുച്ചയത്തിന്റെ ഉദ്ഘാടനവും താക്കോൽദാനവും പരിശുദ്ധ കാതോലിക്കാ ബാവാ നിർവഹിച്ചു.

സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന് അനുവദിച്ച പുതിയ ഓഫീസിന് മുമ്പിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ, SDOF വൈസ് പ്രസിഡണ്ട് ഫാ. ബിജു റ്റി. മാത്യു പുത്തൻകാവ്, ട്രഷറർ അഡ്വ. ഉമ്മൻ ജോൺ, ജോൺ ചീരമറ്റം എന്നിവർ.

SDOF SUNDAY എട്ടാം പതിപ്പ് ജൂലൈ 11 ഞായറാഴ്ച കേന്ദ്ര റീജിയണൽ സെക്രട്ടറി ജോർജ്ജ് ജോസ് (UK ,EUROPE) SDOF ഗ്രൂപ്പുകളിൽ പബ്ലിഷ് ചെയ്തു. ഫാ. വർഗ്ഗീസ് ജോർജ് ചേപ്പാട്, ഡീക്കൻ മാമ്മൻ ജോസഫ് എന്നിവർ സമീപം.

SDOF President Geevarghese Mar Philoxenos conducted an interactive session with the members of Dubai, St Thomas Cathedral. More than 100 SDOF members participated in the meeting.

വളയഞ്ചിറങ്ങര സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് യൂണിറ്റിന്റെ ഉദ്ഘാടനം നടന്നു. ഇടവക വികാരി ഫാ. ജോൺ മാത്യു ചടങ്ങിൽ അധ്യക്ഷത വഹിച്ചു. SDOF സോണൽ സെക്രട്ടറി ഡോ. ഉമ്മൻ കെ. മാത്യു ഭദ്രദീപം കൊളുത്തി പുതിയ യൂണിറ്റിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചു. അങ്കമാലി ഭദ്രാസന SDOF സെക്രട്ടറി ബേബി പി. വി., കേന്ദ്ര അസംബ്ലി അംഗം സീനായി പോൾ, ജോയിന്റ് സെക്രട്ടറി അനിഷ വർഗ്ഗീസ്, ജീന ബേബി, യൂണിറ്റ് സെക്രട്ടറി റൂണി മത്തായി, വൈസ് പ്രസിഡന്റ് മത്തായി എ. ഒ., മേഖല കോർഡിനേറ്റർ വർഗീസ് ഇ. വി. എന്നിവർ പ്രസംഗിച്ചു.

SDOF SUNDAY

Vol. 01, No. 09, 2026 July 19

Editorial Board

President
H.G. Geevarghese Mar Philoxenos

Vice President
Fr. Biju T Mathew

General Secretary
Shibu K Abraham

Treasurer
Adv. Oommen John

Publisher
Fr. V G Koshy Vaidyan

Chief Editor
Raj Philip

Editorial Board Members

Prinu T Mathews
Santhosh Daniel

Published by Fr. V G Koshy Vaidyan on behalf of St. Dionysius Orthodox Fellowship for the glory of God and for the benefit of humankind.

Typesetting & Design
Joice Thottackad
Sophia Print House, Kottayam
Mob: 7012270083

For Private Circulation only

Send your articles and news to the following

E-mail
sdofsunday@gmail.com
or
Whatsapp No.
7012270083

സങ്കീർത്തന ധ്യാനം

ഫാ. ബിജു റ്റി. മാത്യു പുത്തൻകാവ്

102-ാം സങ്കീർത്തനം

ഹൃദയം നുറുങ്ങിയ മനുഷ്യന്റെ പ്രാർത്ഥനയിങ്കൽ ദൈവത്തിന്റെ നിത്യ ഇടപെടൽ

ആമുഖം

Penitential Psalm (പശ്ചാത്താപ സങ്കീർത്തനം)

Exile Psalm, Psalm of Penitential Lament, Christological Heart of Psalms എന്നിങ്ങനെ അറിയപ്പെടുന്ന സങ്കീർത്തനമാണ് 102-ാം സങ്കീർത്തനം. ബാബിലോൺ പ്രവാസത്തിന്റെ പശ്ചാത്തലത്തിൽ ഇത് എഴുതപ്പെട്ടു എന്ന സൂചനയാണുള്ളത്. ക്ഷണിക ജീവിതത്തിന്റെ നശ്വരതയും, അനശ്വര ജീവിതത്തിന്റെ സുഗന്ധവും, പുനഃനിർമ്മിക്കുന്ന ദൈവത്തിന്റെ കരുണയും, കഷ്ടതകളിൽമേൽ വിജയം കൈവരിക്കണമെന്ന ആഹ്വാനവുമാണ് ഇതിന്റെ ഉള്ളടക്കം; മാത്രമല്ല യരൂശലേമിന്റെ പുനഃസ്ഥാപനത്തേയും അതിലുപരി യേശുക്രിസ്തുവിനെക്കുറിച്ച് പ്രവചിച്ചിരിക്കുന്ന സങ്കീർത്തനമായും പിതാക്കന്മാർ ഇതിനെ വരച്ചു കാട്ടുന്നു.

സംഗ്രഹം: എ. സങ്കീ. 102:1-11. മനുഷ്യന്റെ ക്ഷണികതയും ക്രിസ്തുവിൽ അനശ്വര ജീവിതവും
ബി. സങ്കീ. 102:12-12. ദൈവത്തിന്റെ നിത്യതയും സഭയുടെ പ്രത്യാശയും
സി. സങ്കീ. 102:23-28. നശ്വരജീവിതവും ക്രിസ്തുവിൽ നിത്യരാജ്യവും

1. മനുഷ്യജീവിതത്തിന്റെ ക്ഷണികതയും ദൈവത്തിന്റെ നിത്യതയും.

സങ്കീർത്തനം 102:24 എന്റെ ദൈവമേ, ആയുസ്സിന്റെ മദ്ധ്യത്തിൽ എന്നെ എടുത്തു കളയരുതേ എന്നു ഞാൻ പറഞ്ഞു. നിന്റെ സംവത്സരങ്ങൾ തലമുറ തലമുറയായി ഇരിക്കുന്നു. 102-ാം സങ്കീർത്തനം ദുഃഖത്തിൽ ആരംഭിച്ച് പ്രത്യാശയിൽ അവസാനിക്കുന്ന ഒരു മഹത്തായ പ്രാർത്ഥനയാണ്. Jonah Paffhausen, ഈ സങ്കീർത്തനത്തെക്കുറിച്ച് 'Reflections on a Spiritual Journey' എന്ന പുസ്തകത്തിൽ പറയുന്നതിപ്രകാരമാണ്. 102-ാം സങ്കീർത്തനം അതുല്യമാണ്. കാരണം ഇത് മനുഷ്യന്റെ ഏറ്റവും വലിയ ഇരുട്ടിൽ തുടങ്ങി ദൈവത്തിന്റെ വലിയ വെളിച്ചത്തിൽ അവസാനിക്കുന്നു. അടിമത്വത്തിൽ നിന്ന് മഹത്വത്തിലേക്കുള്ള ഒരു ദേശത്തിന്റെ/ സഭയുടെ യാത്ര. കുരിശിൽ നിന്ന് സിംഹാസനത്തിലേക്കുള്ള ക്രിസ്തുവിന്റെ യാത്ര.

സങ്കീർത്തനക്കാരൻ ജീവിതത്തിന്റെ ക്ഷണികാവസ്ഥയെ 5 5 വാക്യങ്ങളിൽ വിവരിക്കുകയാണ്.

a) ജീവിതം പുകപോലെയാണ്. സങ്കീ. 102 :3 എന്റെ നാളുകൾ പുകപോലെ കഴിഞ്ഞു പോകുന്നു. യാക്കോബ് 4: 14 നിങ്ങളുടെ ജീവൻ എങ്ങനെയുള്ളത്? അല്പനേരത്തേക്കു കാണുന്നതും പിന്നെ മാഞ്ഞുപോകുന്നതുമായ ആവിയല്ലോ.

b) ജീവിതം വാടുന്ന പുല്ലിനോട് സമം : സങ്കീ. 102:4 എന്റെ ഹൃദയം അരിഞ്ഞ പുല്ലുപോലെ ഉണങ്ങിയിരിക്കുന്നു. സങ്കീ 90:5 അവർ രാവിലെ മുളച്ചുവരുന്ന പുല്ലുപോലെ ആകുന്നു. യെശയ്യാവ് 40:6 സകല ജഡവും പുല്ലുപോലെയും അതിന്റെ ഭംഗിയെല്ലാം വയലിലെ പൂ പോലെയും ആകുന്നു.

c) ജീവിതം മരുഭൂമിയിലെ വേഴാമ്പൽ പോലെയാണ് സങ്കീ. 102:6 മറ്റുള്ളവർ പറന്നുയർന്നു നിൽക്കുമ്പോൾ ഞാൻ മാത്രം എന്താ ഇങ്ങനെ എന്നു ചിന്തിക്കുന്ന അനുഭവം!

d) ജീവിതം ശൂന്യസ്ഥലത്തെ മൂങ്ങാപോലെയാണ്. സങ്കീ. 102:6, യെശയ്യാവ് 34:11
ജീവിതം നിസ്സംഗതാമനോഭാവത്തിന്റെ പശ്ചാത്തലത്തിൽ, ശൂന്യതകളെ, ഒന്നുമില്ലായ്മകളെ, ഏകാന്തതയെ അഭിമുഖീകരിക്കേണ്ടി വരുന്ന സാഹചര്യം.

e) ജീവിതം വീടിന്മുകളിൽ തനിച്ചിരിക്കുന്ന കുരികിൽ പോലെ:സങ്കീ. 102:7
അടിമത്വത്തിലായിരിക്കുന്ന ജനം, അവരുടെ ദീന രോദനം. ഉറക്കമില്ലാത്ത, വീടില്ലാത്ത, നാടില്ലാത്ത, ആരാധനസ്ഥലമില്ലാത്ത ദയനീയ അവസ്ഥ. ഈ വിധ കാരണങ്ങളിൽപ്പെട്ട് സങ്കീർത്തനക്കാരൻ നിലവിളിക്കുന്നു. എന്റെ ഞരക്കത്തിന്റെ ഒച്ച നിമിത്തം എന്റെ അസ്ഥികൾ മാംസത്തോടു പറ്റുന്നു സങ്കീ. 102:5. ഈ ജീവിതസാഹചര്യത്തിൽ ഭക്തൻ അർപ്പിക്കേണ്ട ആത്മസമർപ്പണത്തിലൂന്നിയ പ്രത്യാശയുടെ വാക്കുകളാണ് സങ്കീർത്തനം 102:22 "യഹോവ തന്റെ വിശുദ്ധമായ ഉയരത്തിൽ നിന്ന് നോക്കി, സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയെ തൃക്കൺ പാർത്തുവല്ലോ". ആയതിനാൽ നമ്മുടെ ജീവിത സാഹചര്യങ്ങളെല്ലാം പരാജയപ്പെടുമ്പോൾ, ഏകാന്തതയുടെയും ശൂന്യതയുടെയും അരക്ഷിതാവസ്ഥയുടെയും അനിശ്ചിതാവസ്ഥയുടെയും മാർഗ്ഗത്തിൽ തകർന്നും തളർന്നും തണുത്തും ഇരിക്കേണ്ടി വരുമ്പോൾ, ആത്മീയ ശുഷ്കാന്തിയോടെ, ഒരുക്കവും ജാഗ്രതയും ഉണർവ്വും ഉള്ളവരായി, തികഞ്ഞ പ്രത്യാശയോടെ ദൈവത്തിന്റെ നിത്യതയ്ക്കായി കാംക്ഷിക്കേണ്ടതാണ്. സങ്കീ. 102:24 നിന്റെ സംവത്സരങ്ങൾ തലമുറതലമുറയായി ഇരിക്കുന്നു.

2. അടിമത്വത്തിലെ നിലവിളിയും ദേശത്തിന്റെ പുനരുദ്ധാരണവും (സഭയുടെ സംരക്ഷണവും)

സങ്കീ. 102:15, യഹോവ, സീയോനെ പണിയുകയും തന്റെ മഹത്വത്തിൽ പ്രത്യക്ഷനാവുകയും.... യരുശലേം നശിപ്പിക്കപ്പെട്ട്, നഗരം ശൂന്യമായിക്കിടക്കുമ്പോൾ ജനങ്ങളുടെ ആത്മഗതം നിലവിളിയായി മാറുന്നു. ദൈവം എവിടെ എന്ന് മന്ത്രിച്ചുകൊണ്ട് ദേശത്തിന്റെ പുനരുദ്ധാരണത്തിനായി പ്രാർത്ഥിക്കുന്നു. പഴയനിയമത്തിൽ ഈ സീയോൻ 'യരുശലേമിനെ' സൂചിപ്പിക്കുമ്പോൾ പുതിയ നിയമ ദൃഷ്ടാന്തങ്ങളിൽ അത് സഭയുടെ പ്രതീകമാണ്. ബാബേലിലെ നിലവിളി യരുശലേമിൽ അനുതാപകീർത്തനമായി മാറി. സഭയിൽ ഒരു പ്രാർത്ഥനയായി പുതിയ ഇസ്രായേലിന്റെ ആരാധനയായി മാറ്റപ്പെട്ടു. മാത്രമല്ല സങ്കീ. 102:23,24,25,27,28 വാക്യങ്ങൾ ക്രിസ്തുവിന്റെ മനുഷ്യാവതാരം, ക്രിസ്തുവിന്റെ നിത്യത, സഭയുടെ അനശ്വരത ഇവ വെളിപ്പെടുത്തുകയാണ്. ക്രിസ്തു സകല ജാതികളിൽ നിന്നും തന്റെ സഭ പണിതപ്പോൾ ഇത് നിവൃത്തിയായി.

വിശുദ്ധ അത്താനാസിയോസ്: ഈ സങ്കീർത്തനം "ക്രിസ്തു തന്റെ മനുഷ്യത്വത്താൽ സംസാരിക്കുന്നു. നമ്മുടെ ബലഹീനത അവൻ ഏറ്റെടുത്ത് പിതാവിനോട് നിലവിളിക്കുന്നു. അങ്ങനെ പ്രത്യാശയിൽ ആയിരിപ്പാൻ നമ്മെ പ്രാപ്തരാക്കുന്നു".

ഹിപ്പോയിലെ വിശുദ്ധ അഗസ്റ്റിൻ: "ലോകം ഒരു വസ്ത്രം പോലെയാണ്. അത് പഴകി മാറും. പക്ഷേ, സഭ സംരക്ഷിക്കപ്പെടും കാരണം അതിനെ നെയ്തെടുത്ത തയ്യൽക്കാരൻ എന്നേക്കും നിലനിൽക്കുന്നതുകൊണ്ട്."



തന്നത്താൻ താഴ്ത്തുന്നവൻ ഉയിർത്തപ്പെടും

(പെന്തിക്കോസ്തിക്കുശേഷം ഒൻപതാം ഞായർ)

വി. ലൂക്കോസ് 14:7–11

ഗീവർഗീസ് മാർ പീലക്സിനോസ്

ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനപ്രമാണങ്ങളിലൊന്നാണ് വിനയം എന്നത്. യേശുക്രിസ്തുവിന്റെ ജനനവും ജീവിതവും മരണവും വിനയത്തിലും താഴ്മയിലും അധിഷ്ഠിതമായിരുന്നു. യേശുക്രിസ്തു തന്റെ രക്ഷണ്യ പ്രവർത്തനത്തിൽ ശിഷ്യന്മാരെയും ജനങ്ങളെയും വിനയം പഠിപ്പിക്കുന്ന ധാരാളം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. വിനയത്തിന്റെ പ്രസക്തിയും പ്രാധാന്യവും തന്റെ ഉപമകളിലൂടെ ജനങ്ങളെ ആവർത്തിച്ച് പഠിപ്പിച്ചുകൊണ്ടിരുന്നു. ഇന്നത്തെ വി. സുവിശേഷഭാഗം, യേശു വിനയം പഠിപ്പിക്കുന്ന ഒരു ഉപമയാണ് (വി. ലൂക്കോസ് 14:7–11).

സ്വയം ഉയർത്തുക

കല്യാണത്തിനു ക്ഷണിക്കപ്പെട്ടവർ മുഖ്യാസനങ്ങളെ തെരഞ്ഞെടുക്കുന്നതു കണ്ടിട്ട് യേശു പറഞ്ഞ ഉപമയാണിത് (വാ. 7). തങ്ങളെത്തന്നെ സ്വയം ഉയർത്തുകയും മറ്റുള്ളവരുടെ മുമ്പിൽ മാന്യന്മാരെന്ന് സ്വയം നടിക്കുകയും ചെയ്യുന്നവർക്കെതിരെയാണ് കർത്താവ് പ്രതികരിക്കുന്നത്. 'തന്നത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും' (വാ. 11).

ആത്മപ്രശംസ, പൊങ്ങച്ചം, അമിതവിശ്വാസം തുടങ്ങിയവയൊക്കെ ക്രിസ്തീയ ജീവിതത്തിൽ അംഗീകരിക്കുവാൻ കഴിയാത്തതാണ്. ക്രിസ്തുവിന്റെ ശക്തമായ താക്കീതും വിമർശനവും ഇതിനെല്ലാം ഉണ്ടായിട്ടുണ്ട്. ശാസ്ത്രിമാരുടെയും പരീശന്മാരുടെയും സാദൂക്യരുടെയും ജീവിതത്തെ യേശു വിമർശിക്കുന്നതിന് ഒരു പ്രധാന കാരണം 'സ്വയം ഉയർത്തുക' എന്ന ധാർമ്മിക വിഷയമായിരുന്നു.

'അവർ തങ്ങളുടെ പ്രവൃത്തികൾ എല്ലാം മനുഷ്യർ കാണേണ്ടതിനത്രേ ചെയ്യുന്നത്. തങ്ങളുടെ മന്ത്രപ്പട്ട വീതിയാക്കി തൊങ്ങൽ വലുതാക്കുന്നു. അത്താഴത്തിൽ പ്രധാന സ്ഥലവും പള്ളിയിൽ മുഖ്യാസനവും അങ്ങാടിയിൽ വന്ദനവും മനുഷ്യർ റബ്ബീ എന്നു വിളിക്കുന്നതും അവർക്കു പ്രിയമാകുന്നു' (വി. മത്തായി 23:5).

'ഞാൻ സ്വർഗ്ഗത്തിൽ കയറും, എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വെക്കും, ഉത്തരദിക്കിന്റെ അത്യന്തിയിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും, ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും, ഞാൻ അത്യുന്നതനോടു സമനാകും" എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞത്. എന്നാൽ നീ പാതാളത്തിലേക്കു, നാശകൂപത്തിന്റെ അടിയിലേക്കു തന്നെ വീഴും' (യെശയ്യാവ് 14:13, 14).

'ദുഷ്ടൻ തന്റെ മനോരഥത്തിൽ പ്രശംസിക്കുന്നു' (സങ്കീർത്തനം 10:3). 'ദാനങ്ങളെപ്പറ്റി വെറുതെ പ്രശംസിക്കുന്നവൻ മഴയില്ലാത്ത മേഘവും കാറ്റും പോലെയാകുന്നു' (സദൃശ്യവാക്യങ്ങൾ 25:14).

യേശുക്രിസ്തു ഇന്നത്തെ ഉപമയിൽ പറയുന്നു: 'ഒരുത്തൻ നിന്നെ കല്യാണത്തിനു വിളിച്ചാൽ മുഖ്യാസനത്തിൽ ഇരിക്കരുത്. ഒരുപക്ഷേ നിന്നിലും മാനമേറിയവനെ അവൻ വിളിച്ചിരിക്കാം. പിന്നെ നിന്നെയും അവനെയും ക്ഷണിച്ചവൻ വന്നു; ഇവനു ഇടം കൊടുക്ക എന്നു നിന്നോടു പറയുമ്പോൾ നീ നാണത്തോടെ ഒടുക്കത്തെ സ്ഥലത്തുപോയി ഇരിക്കേണ്ടിവരും' (വാ. 8, 9).

വിനയം പഠിപ്പിക്കുന്നു

യേശുക്രിസ്തു മനുഷ്യാവതാരം ചെയ്തതിന്റെ ഒരു ലക്ഷ്യം മനുഷ്യരെ വിനയം പഠിപ്പിക്കുന്നതായിരുന്നു. സ്വന്തം കഴിവുകളെക്കുറിച്ചും നേട്ടങ്ങളെക്കുറിച്ചും വാചാലമാകാതെ അവയെക്കുറിച്ചു മൗനം പാലിക്കുവാൻ കഴിയുന്ന അനുഭവമാണ് വിനയം. യേശുക്രിസ്തുവിന്റെ സ്വഭാവത്തെപ്പറ്റി നാം വായിക്കുന്നു: 'ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിക്കുവിൻ' (വി. മത്തായി 11:29).

യേശുക്രിസ്തുവിന്റെ ജീവിതം മുഴുവനും വിനയത്തിന്റെയും ക്ഷമയുടെയും പാഠങ്ങളായിരുന്നു. ഇന്നത്തെ വി. സുവിശേഷഭാഗത്തിൽ കർത്താവ് പറയുന്നു: 'നിന്നെ ആരെങ്കിലും കല്യാണത്തിനു വിളിച്ചാൽ ചെന്ന് ഒടുക്കത്തെ സ്ഥലത്ത് ഇരിക്കുക, നിന്നെ ക്ഷണിച്ചവൻ വരുമ്പോൾ നിന്നോട്: സ്നേഹിതാ, മുമ്പോട്ട് വന്ന് ഇരിക്കുക എന്നു പറയുവാൻ ഇടവരട്ടെ, അപ്പോൾ പന്തിയിൽ ഇരിക്കുന്നവരുടെ മുമ്പിൽ നിനക്കു മാനം ഉണ്ടാകും.' (വാ. 10).

ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിച്ചുകൊള്ളണമെന്നു വിചാരിക്കാതെ അവിടുന്നു സ്വയം വിനയപ്പെടുത്തിയാണു മനുഷ്യനായിത്തീർന്നത്. മാത്രമല്ല ക്രൂശിലെ മരണം വരിക്കുവാൻ തക്കവണ്ണം അവിടുന്നു വിനയപ്പെടുകയും ചെയ്തു. ക്രിസ്തുയേശുവിൽ പ്രകടമായ അതേഭാവം നമ്മിലും ഉണ്ടാകണം എന്നാണ് വി. പൗലോസ് ആശംസിക്കുന്നത് (ഫിലിപ്യർ 2:5).

ദൈവസന്നിധിയിൽ താഴ്മയോടെ നടക്കുന്നതാണു നല്ലതെന്നു ദൈവം കാണിച്ചു തന്നിട്ടുണ്ട് (മീഖ 6:8). കർത്താവിന്റെ ഗിരിപ്രഭാഷണത്തിൽ 'സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ, അവർ ഭൂമിയെ അവകാശമാക്കും' (വി. മത്തായി 5:5) എന്നു പറയുന്നു. 'നിങ്ങളിൽ വലിയവൻ ഇളയവനെപ്പോലെയും നായകൻ ശുശ്രൂഷിക്കുന്നവനെപ്പോലെയും ആകട്ടെ' (വി. ലൂക്കോസ് 22:26) എന്ന് കർത്താവ് പറയുന്നു.

പ. പൗലോസ് ശ്ലീഹായും, പ. പത്രോസ് ശ്ലീഹായും യെരുശലേം സഭയിലെ മൂപ്പനും കർത്താവിന്റെ സഹോദരനുമായ വി. യാക്കോബും വിനയത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. 'ഭാവിക്കേണ്ടതിനുമീതെ ഭാവിച്ചുയരാതെ ദൈവം അവനവനു വിശ്വാസത്തിന്റെ അളവു പങ്കിട്ടതുപോലെ സുബോധമാകുംവണ്ണം ഭാവിക്കണം' (റോമർ 12:3). 'എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊൾവീൻ; ദൈവം താഴ്മയുള്ളവർക്കു കൃപ നൽകുന്നു' (1 പത്രോസ് 5:5). 'കർത്താവിന്റെ സന്നിധിയിൽ താഴുവീൻ, എന്നാൽ അവൻ നിങ്ങളെ ഉയർത്തും' (വി. യാക്കോബ് 4:10).

എളിയവർക്കുള്ള വാഗ്ദാനങ്ങൾ

'തന്നത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും' (വാ. 11). ദൈവത്തിന്റെ വാഗ്ദാനങ്ങൾ പാഴ്‌വാക്കുകളല്ല. താഴ്മയും വിനയവും എവിടെ ഉണ്ടോ, അവിടെയെല്ലാം ഉയർച്ചയും വളർച്ചയും ഉണ്ടായിട്ടുണ്ട്. 'യഹോവ ഉന്നതനെങ്കിലും താഴ്മയുള്ളവനെ കടാക്ഷിക്കുന്നു' (സങ്കീ. 138:6).

വലിയവൻ ആകുവാൻ ആഗ്രഹിക്കുന്നവർ അനുവർത്തിക്കേണ്ട സ്വഭാവഗുണമാണ് വിനയം എന്നത്. യേശു പറയുന്നു: 'നിങ്ങളെല്ലാവരിലും ചെറിയവനായവൻ അത്രേ വലിയവൻ ആകുന്നത്' (വി. ലൂക്കോസ് 9:48). 'ദൈവം താഴ്മയുള്ളവർക്കു കൃപ നൽകുന്നു' എന്ന് വി. യാക്കോബ് പറയുന്നു. ദൈവത്തിന്റെ എല്ലാ അനുഗ്രഹങ്ങൾക്കും കൃപകൾക്കും അടിസ്ഥാനകാരണം വിനയവും എളിമയും ആണ്.

വി. കന്യകമറിയാം വിനയത്തിന്റെ മകുടോദാഹരണമാണ്. മറിയാമിനെപ്പോലെ ആരും താഴ്മയും വിനയവും ധരിച്ചിട്ടില്ല എന്നാണ് സഭയുടെ വിശ്വാസവും പഠിപ്പിക്കലും.

'ആരുമുയർത്തപ്പെട്ടില്ലിതുപോലതിനാൽ സ്പഷ്ടം
മറിയാമേപ്പോലാരും താഴ്മപ്പെട്ടിട്ടില്ല.'

❑

രക്ഷിക്കപ്പെടുവാൻ ഞാൻ എന്ത് ചെയ്യണം?

ഫാ. ടിജോ മണലേൽ

ആത്മീയ ജീവിതത്തിൽ സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസത്തിനെതിരെ ധാരാളം വാഗ്വാദങ്ങളും പരിഹാസങ്ങളും അനുദിനം വർദ്ധിച്ചു വരുന്ന ആധുനിക ലോകത്തിൽ ശരിയായ, സ്തുതിചൊവ്വാക്കപ്പെട്ട വിശ്വാസം എന്താണ് എന്ന് മനസ്സിലാക്കിയിരിക്കേണ്ടത് അത്യാവശ്യമാണ്. പരിശുദ്ധ സഭയുടെ അടിസ്ഥാന വിശ്വാസപ്രമാണങ്ങൾ പഠിക്കുന്നത് ആയിരിക്കുന്ന വിശ്വാസത്തിൽ നിലനിൽക്കുന്നതിനും കൂടുതൽ തീക്ഷ്ണതയോടെ ആത്മീയജീവിതത്തെ പോഷിപ്പിക്കുന്നതിനും വേണ്ടിയാണ്.

ആധുനിക സമൂഹത്തിൽ സഭാവിശ്വാസികൾ നേരിടുന്ന ഒരു വലിയ ചോദ്യമാണ് നിങ്ങൾ രക്ഷിക്കപ്പെട്ടോ? എന്നുള്ളത്. സാധാരണക്കാരനായ ഏതൊരു വിശ്വാസിയെയും കുഴപ്പത്തിലാക്കുന്ന ഒരു ചോദ്യമാണ് ഇത്. രക്ഷ അല്ലെങ്കിൽ രക്ഷിക്കപ്പെടുക എന്ന് പറയുന്നത് എന്താണ് എന്ന് ഭൂരിഭാഗം വിശ്വാസികൾക്കും അറിയില്ല എന്നതിനാൽ രക്ഷിക്കപ്പെട്ടു എന്നോ ഇല്ല എന്നോ ഉത്തരം പറയുവാൻ പലപ്പോഴും സാധിയ്ക്കാറുമില്ല. ഈ സാഹചര്യത്തിൽ എന്താണ് രക്ഷ, രക്ഷ ആരിൽ നിന്നാണ്, ആരിൽ കൂടിയാണ്, എപ്പോഴാണ് രക്ഷിക്കപ്പെടുന്നത് എന്നും നാം അറിഞ്ഞിരിക്കേണ്ടിയിരിക്കുന്നു.

എന്താണ് രക്ഷ?

രക്ഷ എന്ന പദത്തിന്റെ വാച്യാർത്ഥം ആപത്തിൽ നിന്നോ, ശത്രുക്കളിൽ നിന്നോ, മറ്റ് അപകടങ്ങളിൽ നിന്നോ ലഭിക്കുന്ന വിടുതൽ എന്നാണ്. ഓരോ മതവും വിവിധ തരത്തിലുള്ള ദോഷങ്ങളിൽ നിന്ന് ഉള്ള വിടുതൽ അന്വേഷിക്കുന്നതായി കാണാം. മനുഷ്യന്റെ സ്വന്തം പ്രയത്നം കൊണ്ട് രക്ഷ ഏതെങ്കിലുംവിധത്തിൽ സാധിക്കാം എന്നുള്ളതാണ് പൊതുവെ ഇതര മതങ്ങളിൽ രക്ഷയെക്കുറിച്ചുള്ള സങ്കൽപം . ഉദാ: യാഗങ്ങൾ, കർമ്മാനുഷ്ഠാനങ്ങൾ മുതലായവ.

വി. വേദപുസ്തകത്തിൽ 'യാഷ്' എന്ന എബ്രായ പദത്തിന്റെ മലയാള പദമായിട്ടാണ് രക്ഷ എന്ന പദം ഉപയോഗിക്കുന്നത്. സ്വയം രക്ഷപെടുവാൻ നിവൃത്തിയില്ലാത്ത വിഷമ വൃത്തത്തിൽ നിന്ന് വ്യക്തികളും സമൂഹവും വിടുവിക്കപ്പെടുന്ന പ്രക്രിയയെയാണ് യാഷ് എന്ന പദം അർത്ഥമാക്കുന്നത്. വേദപുസ്തകാടിസ്ഥാനത്തിൽ പാപത്തിൽനിന്നു മോചനം നേടി ദൈവസാന്നിദ്ധ്യം വീണ്ടും പ്രാപിക്കുവാൻ പ്രാപ്തമാക്കുന്നതാണ് രക്ഷ. പഴയനിയമകാലത്ത് ഭൗതീകമായ അപകടങ്ങളിൽ നിന്നുള്ള മോചനമാണ് രക്ഷ. കാരണം ദൈവവുമായി ചെയ്ത ഉടമ്പടിയുടെ ലംഘനമാണ് എല്ലാ അപകടങ്ങളുടെയും മൂലമായി പഴയനിയമ ജനം കണ്ടത്. പുതിയ നിയമത്തിലേക്ക് കടന്നു വരുമ്പോൾ ഭൗതികമായ രക്ഷ അവഗണിക്കപ്പെടുന്നില്ലെങ്കിലും പാപമോചനം വഴി കൈവരുന്ന സ്വർഗ്ഗീയാനുഭവമാണ് രക്ഷ എന്ന ആശയത്തിന് മുൻതൂക്കം നൽകുന്നു.

ക്രൈസ്തവ ചിന്താഗതിയിൽ രക്ഷ എന്നതിനെക്കുറിച്ച് പറയുമ്പോൾ, രക്ഷ എന്നത് മനുഷ്യരുടെ നേട്ടം അല്ല ദൈവത്തിന്റെ കൃപയാലുള്ള ദാനമാണെന്ന് പുതിയനിയമം പഠിപ്പിക്കുന്നു. എഫേ. 2:8-ൽ ഇപ്രകാരം കാണുന്നു. "കൃപയാലല്ലോ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത് അതിനും നിങ്ങൾ കാരണമല്ല ദൈവത്തിന്റെ ദാനമത്രെയാകുന്നു." കൂടാതെ രക്ഷ എന്നുള്ളത്, സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം എന്ന് വെളിപാട് 7:10-ൽ കാണുന്നു. രക്ഷ എന്നത് യേശുക്രിസ്തുവിന്റെ കൃപയാലാണ് എന്നും (അ. പ്രവർത്തി 15;11). രക്ഷയെ ദൈവകൃപയെന്നും (തീത്തോസ് 2:11) വേദപുസ്തകം സാക്ഷിയാക്കുന്നു.

അപ്പോൾ "കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും" (അ. പ്രവർത്തി 16:31) എന്ന വേദവാക്യം ഒരു ചോദ്യമായി നമ്മുടെ മുമ്പിൽ ഉയർന്നുവരും വിശ്വാസം മൂലമല്ലേ രക്ഷ പ്രാപിക്കുന്നത് എന്ന്? ദൈവത്തിലുള്ള വിശ്വാസം രക്ഷയുടെ മുഖ്യഉപാധിയായി ഇവിടെ ഭവിക്കുന്നു. അപ്പോൾ വിശ്വാസമെന്ന മുഖ്യ ഉപാധിയിലൂടെ ദാനമായി ലഭിക്കുന്ന ദൈവകൃപയാണ് രക്ഷ എന്ന് പറയുന്നത്.

രക്ഷ എവിടെ നിന്നാണ് അല്ലെങ്കിൽ ആരിൽ നിന്നാണ് ലഭിക്കുന്നത്?

"നീതിമാന്മാരുടെ രക്ഷ യഹോവയിൽനിന്ന് വരുന്നു." (സങ്കീ: 27:1) "ഇതാ നമ്മുടെ ദൈവം അവൻ നമ്മെ രക്ഷിക്കും" (യെശ: 25:9) രക്ഷയുടെ പാറയായ ദൈവം (2 ശമു 22:47) രക്ഷയായ ദൈവമേ ഞങ്ങളെ രക്ഷിക്കേണമേ (1 ദിന. 16:25), രക്ഷ യഹോവയ്ക്കുള്ളതാകുന്നു (സങ്കീ. 3:8), നീ എന്റെ രക്ഷയുടെ ദൈവമാകുന്നുവല്ലോ (സങ്കീ. 25:5), എന്റെ രക്ഷ (അവങ്കൽ) ദൈവത്തിങ്കൽ നിന്ന് വരുന്നു (സങ്കീ.62:1) യഹോവയിൽ മാത്രമേ രക്ഷയുള്ളൂ (യിര 3: 23), രക്ഷ യഹോവയുടെ പക്കൽ നിന്ന് വരുന്നു (യോന.2:9) "നാം സകല മനുഷ്യരുടെയും പ്രത്യേകം വിശ്വാസികളുടെയും രക്ഷിതാവായ ജീവനുള്ള ദൈവത്തിൽ ആശവച്ച് അദ്ധ്വാനിച്ചും പോരാടിയും വരുന്നു."(1 തീമോ 4:10) തുടങ്ങി പഴയനിയമ പുതിയനിയമ ഭാഗങ്ങൾ പരിശോധിക്കുമ്പോൾ അവ സാക്ഷിക്കുന്നത് രക്ഷ ദൈവത്തിൽ നിന്നാണ് എന്നതാണ്. സർവ്വശക്തനും മഹാകാരുണ്യവാനുമായ ദൈവത്തിനു മാത്രമേ രക്ഷ നൽകുവാൻ സാധിക്കുകയുള്ളൂ എന്ന് വി. വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു.

രക്ഷ ആരിൽ കൂടിയാണ് വരുന്നത്?

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലാണ് ക്രൈസ്തവ രക്ഷാചരിത്രം അല്ലെങ്കിൽ രക്ഷാപ്രവർത്തനം ആരംഭിക്കുന്നത്. സുവിശേഷങ്ങളിൽ ഉത്ഘോഷിക്കപ്പെടുന്ന രക്ഷാപ്രവർത്തിയെക്കുറിച്ച് വി. ഇഗ്നാത്തിയോസ് ഫിലെദെൽഫിലായ്ക്കു എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു, "നമ്മുടെ കർത്താവായ യേശുക്രിസ്തു എന്ന രക്ഷകന്റെ ആഗമനവും അവന്റെ കഷ്ടതയും ക്രൂശുമരണവും പുനരുത്ഥാനവും തന്നെയാണ് സുവിശേഷങ്ങളിലെ രക്ഷാപ്രവർത്തനം. "യേശുക്രിസ്തുവിൽ കൂടിമാത്രമേ രക്ഷയുള്ളൂ" എന്ന സത്യമാണ് സുവിശേഷങ്ങളും മറ്റ് പുതിയ നിയമഭാഗങ്ങളും വ്യക്തമാക്കുന്നത്. "മറ്റൊരുത്തനിലും രക്ഷയില്ല, നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിനുകീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല" (അ.പ്ര. 4:12). ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു. (തിമോ.1:15) "അവൻ (ക്രിസ്തു) നമ്മേ രക്ഷിക്കുകയും... നമ്മുടെ രക്ഷിതാവായ ക്രിസ്തുയേശുവിന്റെ പ്രത്യക്ഷതയാൽ..." (2 തിമോ.1:9-10) അവരെ (ദൈവത്തോട് അടുക്കുന്നവരെ) പൂർണ്ണമായി രക്ഷിക്കുവാൻ അവൻ ക്രിസ്തു പ്രാപ്തനാകുന്നു (എബ്രാ 7:25). ന്യായപ്രമാണ കർത്താവും ന്യായാധിപതിയും ഒരുവനേയുള്ളൂ രക്ഷിപ്പാനും നശിപ്പിക്കുവാനും ശക്തനായവൻ തന്നെ (യാക്കോ. 4:12) കൂടാതെ (യോഹ. 14:6, തീമോ 2:5, മർക്കോ. 16:16, എബ്രാ. 11:6, യോഹ. 3:5) എന്നീ വേദഭാഗങ്ങൾ നൽകുന്ന സാക്ഷ്യം യേശുക്രിസ്തു മാത്രമാണ് രക്ഷകൻ എന്നാണ്. സുവിശേഷത്തിന്റെ അന്തസത്ത യേശുക്രിസ്തുവിലൂടെയുള്ള ദൈവത്തിന്റെ രക്ഷാപദ്ധതിയാണ്. സുവിശേഷം നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത് ഏതെങ്കിലും തരത്തിലുള്ള നമ്മുടെ സ്വന്തം പ്രയത്നത്തിലേക്കല്ല മറിച്ച് ദൈവപ്രവർത്തിച്ചതിലേക്കാണ്.

മാനവവംശത്തിന്റെ ദുരിതാനുഭവത്തിൽ ദൈവം ദിവ്യമായി ഇടപെട്ടു. ഈ ദിവ്യമായ ഇടപെടൽ ചൂണ്ടിക്കാണിക്കുന്നത് നമുക്കുതന്നെ നമ്മെ രക്ഷിക്കുവാൻ സാദ്ധ്യമല്ലാത്ത സാഹചര്യമാണ് നമ്മുടേത് എന്നാണ്. പാപവും ദോഷവും നമ്മുടെ മേൽ കർത്തൃത്വം എടുത്തിരിക്കുന്നു. അതിനാൽ ആ പാപ ചെളിക്കുണ്ടിൽ നിന്ന് കരേറുവാൻ സ്വന്തം പ്രയത്നം കൊണ്ട് മാത്രം സാദ്ധ്യമല്ല. ആ ചേറ്റുകുഴിയിൽ നിന്ന് ഉയർത്തി രക്ഷിക്കുവാൻ തക്ക കരുത്തുള്ള ഒരുവന്റെ ഇടപെടൽ കൊണ്ട് മാത്രമേ നമുക്ക് രക്ഷ കിട്ടുകയുള്ളൂ. ആ ഇടപെടൽ ആണ് യേശുക്രിസ്തു എന്ന ദൈവപുത്രന്റെ മനുഷ്യാവതാരം. ക്രിസ്തുവാണ് രക്ഷാചരിത്രത്തിന്റെ കേന്ദ്രബിന്ദു. കാരണം സൃഷ്ടിക്കുമുമ്പു തന്നെ ക്രിസ്തു രക്ഷകനായി മുൻ നിർണ്ണയിക്കപ്പെട്ടിരുന്നു (യോഹ. 17:24, 1 പത്രോ. 1:20) രക്ഷാപ്രവർത്തനം ഇന്ന് തന്റെ സഭയിലൂടെ തുടരുന്നതും, ക്രിസ്തുവിലൂടെ തന്നെയാണ്. രക്ഷാപ്രവർത്തനത്തിന്റെ പൂർത്തീകരണവും ക്രിസ്തുമൂലം ആയിരിക്കും.അതായത് രക്ഷാപ്രവർത്തനത്തിന്റെ ആരംഭവും കേന്ദ്രവും പുരോഗതിയും പൂർത്തീകരണവും എല്ലാം ക്രിസ്തുവിൽ തന്നെയാണ്.

യേശുക്രിസ്തു എങ്ങനെയാണ് നമ്മെ രക്ഷിച്ചത്?

രക്ഷ ക്രിസ്തുവിൽ എന്ന സത്യം ആഴമായി മനസ്സിലാക്കുവാൻ അവന്റെ ക്രൂശുമരണം കൊണ്ട് എങ്ങനെ രക്ഷിച്ചു എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഇരുപക്ഷത്തെയും ഒന്നാക്കിയ യാഗമാണല്ലോ കർത്താവിന്റെ ക്രൂശുമരണം. അതായത് ദൈവവും മനുഷ്യനും തമ്മിൽ ഭിന്നിച്ചത് പാപത്തിലാകയാൽ പാപപരിഹാരമുണ്ടാകാതെ യോജിപ്പ് സാദ്ധ്യമല്ല. ദൈവവും മനുഷ്യനും തമ്മിൽ യോജിപ്പ് സാദ്ധ്യമാക്കിയ പാപപരിഹാരമാണ് നമ്മുടെ കർത്താവിന്റെ ക്രൂശുമരണം. കർത്താവിന്റെ ക്രൂശുമരണം മൂലം മാനവരാശിയുടെ മേൽ ഉണ്ടായിരുന്ന പാപങ്ങൾക്ക് പരിഹാരം ഉണ്ടായി. തന്മൂലം മനുഷ്യവർഗ്ഗത്തിന് മുഴുവൻ രക്ഷയുടെ അനുഭവം പ്രദാനം ചെയ്തു.ക്രൂശുമരണം മൂലം നമുക്ക് ലഭിച്ച രക്ഷ എന്ന് പറയുന്നത് ശത്രുവാകുന്ന സാത്താനിൽ നിന്നുള്ള വീണ്ടെടുപ്പ്, ദൈവീക ഇഷ്ടത്തിനുള്ള സമ്പൂർണ്ണ സമർപ്പണം, അനുസരണം, നിത്യജീവൻ, ദൈവീക സന്തോഷം,സമാധാനം എന്നിവയാണ്. ഇപ്രകാരമുള്ള രക്ഷ നമുക്ക് ലഭ്യമായത് പിതാവിന്റെ ഇഷ്ടത്തിന് തന്നെത്തന്നെ ക്രിസ്തു സമർപ്പിച്ചതിനാലാണ്.

ആരാണ് രക്ഷിക്കപ്പെടുന്നത്?

യേശുക്രിസ്തു മാത്രമേ രക്ഷിക്കൂ എങ്കിൽ ക്രിസ്തുവിനെ അറിയാത്തവർ നശിച്ചു പോകില്ലേ? മറ്റു മതവിശ്വാസികൾ അവരുടെ വിശ്വാസപ്രകാരം ജീവിച്ചാൽ രക്ഷ പ്രാപിക്കുകയില്ലേ, എന്നുള്ള ചോദ്യങ്ങൾ നമ്മുടെ ചിന്തയിൽ ഉയർന്നുവരാം.

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം പാപികളെ രക്ഷിക്കുവാനായിരുന്നു. എന്നാൽ ഹൈന്ദവ അവതാരങ്ങൾ പാപികളുടെ രക്ഷയ്ക്കാണെന്ന് ശ്രീമത് ഭഗവത്ഗീത പോലും അവകാശപ്പെടുന്നില്ല:

"പരിത്രാണായ സാധൂനാം
വിനാശായ:ച.ദുഷ്കൃത
ധർമ്മ സംസ്ഥാപനാർത്ഥായ,
സംഭവാമി യുഗേ യുഗേ" (ഗീത 4: 8).

സാധുക്കളെ രക്ഷിക്കുവാനും പാപികളെ (ദുഷ്ടൻമാരെ) നിഗ്രഹിക്കുവാനും ധർമ്മം സംസ്ഥാപിക്കുവാനുമാണ് ഞാൻ യുഗങ്ങൾ തോറും അവതരിക്കുന്നത്. ഇതാണ് ഹൈന്ദവാവതാര ലക്ഷ്യം എന്നാൽ " സകല ഭൂവാസികളുമേ എങ്കലേക്ക് തിരിഞ്ഞു രക്ഷപെടുവീൻ" എന്ന ആഹ്വാനം വേദപുസ്തകത്തിൽ നിന്ന് ലഭിക്കുമ്പോൾ നീതിമാൻമാരെയല്ല പാപികളെയത്രെ ക്ഷണിക്കുന്നത്. പാപിക്കു രക്ഷാമാർഗ്ഗം യേശുക്രിസ്തുവിൽ മാത്രമേ കാണുന്നുള്ളു. 'ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു' എന്നതിന്റെ അർത്ഥം അന്തിമമായ രക്ഷാപൂർത്തീകരണത്തിനുള്ള ഏകവഴിയും യേശുമിശിഹായാണെന്നുള്ളതാണ്.

യേശുക്രിസ്തുവിൽ കൂടിയല്ലാതെ രക്ഷയില്ല എന്ന് തിരുവചനം വ്യക്തമായി പഠിപ്പിക്കുന്നു എന്നാൽ ക്രിസ്ത്യാനിക്കു മാത്രമേ രക്ഷയുള്ളു എന്ന് തിരുവചനം പഠിപ്പിക്കുന്നില്ല. ആധുനിക സഭാവിശ്വാസങ്ങൾ പഠിപ്പിക്കുന്നത് ക്രിസ്ത്യാനികൾക്ക് മാത്രമേ രക്ഷയുള്ളൂ എന്നാണ്. യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം ഈലോകത്തിനു തന്നെ ഒരു പുതുജീവൻ നൽകി കഴിഞ്ഞു. എന്നാൽ തന്നെ അറിയുകയും സഭയിൽ ചേരുകയും ചെയ്താൽ സമൃദ്ധിയായി ജീവൻ ലഭിക്കുകയും ചെയ്യും. യേശുക്രിസ്തു ദൈവമാകയാൽ ക്രിസ്ത്യാനികളുടെ മാത്രം ദൈവമല്ല സകലർക്കും ദൈവമാണ്.ദൈവത്തിനു മുഖപക്ഷമില്ല എന്നും, ഏതുജാതിയിലും അവനെ ഭയപ്പെട്ടു നീതി പ്രവർത്തിക്കുന്നവരെ അവൻ അംഗീകരിക്കുന്നു.(അ.പ്ര.10:34-35) എന്ന പത്രോസ് ശ്ലീഹായുടെ വാക്കുകൾ പഠിപ്പിക്കുന്നത് ആരാണ് രക്ഷിക്കപ്പെടുന്നത് എന്ന ചോദ്യത്തിന് ഉത്തരമാണ്.

രക്ഷ പ്രാപിക്കുവാൻ നാം എന്തു ചെയ്യണം?

രക്ഷ പ്രാപിക്കുന്നതിന് വിശ്വാസം മാത്രം മതി സത്പ്രവർത്തികളോ കല്പനകളുടെ അനുസരണമോ ആവശ്യമില്ലെന്നാണ് മിക്ക പെന്തക്കോസ്തു, പ്രോട്ടസ്റ്റന്റ് സമൂഹങ്ങളും പഠിപ്പിക്കുന്നത് അതിന് ആധാരമായി അവർ, കാരാഗൃഹ പ്രമാണിയോട് ശ്ലീഹന്മാർ പറഞ്ഞ വചനത്തെ ഉപയോഗിക്കുന്നു. "കർത്താവായ യേശുവിൽ വിശ്വസിക്കുക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും" (അ. പ്രവർത്തി 16:31). ഒരുവനെ രക്ഷിക്കുന്നത് യേശു ദൈവമാണെന്നുള്ള വിശ്വാസം മാത്രമല്ല അവിടുത്തെ വചനം അനുസരിച്ച് ഫലം പുറപ്പെടുവിക്കുന്ന വിശ്വാസമാണ് അതിന് യാക്കോബ് ശ്ലീഹാ സാക്ഷ്യം പറയുന്നു. "ദൈവം ഏകൻ എന്ന് നീ വിശ്വസിക്കുന്നുവോ പിശാചുക്കളും അങ്ങനെതന്നെ വിശ്വസിക്കുകയും വിറയ്ക്കുകയും ചെയ്യുന്നു. വ്യർത്ഥ മനുഷ്യാ പ്രവർത്തിയില്ലാത്ത വിശ്വാസം നിഷ്ഫലമെന്ന് ഗ്രഹിക്കുവാൻ നിനക്ക് മനസ്സുണ്ടോ? അങ്ങനെ മനുഷ്യൻ വെറും വിശ്വാസത്താലല്ല പ്രവർത്തികളാൽ തന്നെ നീതീകരിക്കപ്പെടുന്നു" (യാക്കോബ് 2:19, 20, 24) വിശ്വാസമാകുന്ന താലന്ത് ലഭിച്ചിട്ടും അതുപയോഗിച്ച് ഫലം പുറപ്പെടുവിക്കുക എന്ന കർത്താവിന്റെ ഇഷ്ടം ചെയ്യാതെ കർത്താവെ കർത്താവെ എന്ന് വിളിച്ചപേക്ഷിക്കുക മാത്രം ചെയ്യുന്നവരുടെ വിശ്വാസമല്ല രക്ഷയ്ക്ക് അർഹമാകുന്നത്. (മത്തായി.7:24) പ്രാർത്ഥനയിലും ദാനധർമ്മത്തിലും മുഴുകി യേശുവിന്റെ ഹിതമനുസരിച്ച് പ്രവർത്തിച്ചതിനാലാണ് വിജാതീയനായ കൊർണ്ണേലിയൂസ് ദൈവസന്നിധിയിൽ സ്മരിക്കപ്പെട്ടതും അവനെ രക്ഷയിലേക്ക് നയിക്കാൻ കാരണമായി തീർന്നതും (അ. പ്രവർത്തി 10:4) ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതു പോലെ പ്രവൃത്തിയില്ലാത്ത വിശ്വാസവും നിർജ്ജീവമാണ് (യാക്കോ. 2:26) നല്ല വൃക്ഷത്തിന് നല്ല ഫലങ്ങൾ പുറപ്പെടുവിക്കാതിരിക്കാൻ സാധിക്കുകയില്ല അതുപോലെ യേശുവിൽ വിശ്വസിക്കുന്നവർക്ക് സത്പ്രവർത്തികൾ ചെയ്യാതിരിക്കാൻ സാധിക്കുകയില്ല.

അതായത് രക്ഷപ്രാപിക്കുവാൻ യേശുവിലുള്ള വിശ്വാസം മാത്രം പോരാ അതനുസരിച്ചുള്ള പ്രവർത്തിയും ജീവിതത്തിൽ ഉണ്ടാകേണ്ടതാണ്.

ഞങ്ങൾ രക്ഷിക്കപ്പെട്ടു കഴിഞ്ഞവരാണ് എന്നവകാശപ്പെടുന്ന ചിലരെ നാം കണ്ടുമുട്ടാറുണ്ട്. എന്നാൽ വചനം പറയുന്നു. "നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ അധികം അടുത്തിരിക്കുന്നു" (റോമർ 13:11) അതുപോലെ "ഈ സമയത്തും പൂർവ്വാധികം ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ സ്വന്തം രക്ഷക്കായി അധ്വാനിക്കുവിൻ" (ഫിലി. 2:12). കൂടാതെ "രക്ഷയിലേക്ക് വളർന്നു വരേണ്ടതിന് നിങ്ങൾ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ" (1 പത്രോസ് 2:2) ഇതിൽനിന്ന് മനസ്സിലാകുന്നത് രക്ഷ എന്നത് വിശ്വസിച്ച സമയത്ത് ലഭിക്കുന്നത് അല്ല. രക്ഷിക്കപ്പെട്ടവർ(വിശ്വസിച്ചവർ) തിരസ്ക്കരിക്കപ്പെടാതിരിപ്പാൻ കഠിനാദ്ധ്വാനം ചെയ്യുവാൻ പൗലോസ് ശ്ലീഹാ ആഹ്വാനം ചെയ്യുന്നു. വിശ്വസിച്ചതുകൊണ്ട് എല്ലാമായി എന്നു കരുതി കൈയ്യും കെട്ടി ഇരിക്കാനുള്ളതല്ല ക്രിസ്തീയ ജീവിതം. പോരാട്ടം നിറഞ്ഞതാണ് ഈ ഭൗമികജീവിതം. വിശ്വാസത്തിൽ നാം നിലനിൽക്കണം. അതിൽ വളരണം പ്രവർത്തിയിലൂടെ പൂർത്തീകരിക്കണം. ഉറച്ചു നിൽക്കുകയാണെങ്കിൽ നാം അവനോട് കൂടെ വാഴും (2 തീമോ. 2:12) അവസാനം വരെ സഹിച്ചുനിൽക്കുന്നവൻ രക്ഷിക്കപ്പെടും (മത്തായി 10:22). അതിനാൽ നമ്മുടെ ആദ്യവിശ്വാസത്തെ അവസാനം വരെ മുറുകെ പിടിക്കുമെങ്കിൽ മാത്രമേ നാം ക്രിസ്തുവിൽ പങ്കുകാരാവുകയുള്ളൂ (എബ്രാ. 3:14)

രക്ഷയുടെ പൂർത്തീകരണം എപ്പോഴാണ്? അല്ലെങ്കിൽ എപ്പോഴാണ് രക്ഷിക്കപ്പെടുന്നത്?

നൂതന സഭാവിഭാഗങ്ങൾ പഠിപ്പിക്കുന്നതനുസരിച്ച് രക്ഷ ഒരു പ്രത്യേക സമയത്ത് ഈ ലോകത്തുവച്ചുതന്നെ സംഭവിക്കുന്നു എന്നാണ്. അതായത് കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ മാത്രം മതി. വിശ്വസിക്കുന്ന സമയത്തുതന്നെ നീ രക്ഷിക്കപ്പെട്ടു. എന്നാൽ വി.വേദപുസ്തകം പരിശോധിക്കുമ്പോൾ രക്ഷിക്കപ്പെടും എന്ന ഭാവികാലരൂപത്തിലുള്ള പ്രയോഗമാണ് കൂടുതൽ കാണുവാൻ കഴിയുന്നത് (മത്തായി 24:13, റോമർ 5:9, 10). 1 കോരി. 2:9-ൽ പറയുന്നതുപോലെ കർത്താവ് ഒരുക്കിയിരിക്കുന്ന രക്ഷ മനുഷ്യമനസ്സിന് അചിന്ത്യമാണ്.

കർത്താവിന്റെ മനുഷ്യാവതാരത്തോടെ ആരംഭിച്ച രക്ഷാപ്രവർത്തി ഇന്നും തുടരുന്നു കർത്താവിൽ വിശ്വസിച്ചവരായ രക്ഷിതഗണത്തിന് അതായത് വിശ്വാസികൾക്ക് നേരിടുന്ന പ്രതികൂല സാഹചര്യങ്ങളിൽ രക്ഷാപ്രക്രിയ തുടരേണ്ടതാണ്, അത് ആവശ്യവുമാണ്. ക്രിസ്തുവിൽ വിശ്വസിച്ച് സഭയോട് ചേരുന്ന വ്യക്തി മാമോദീസ ഏറ്റസമയം മുതൽ പരിശുദ്ധാത്മാവ് രക്ഷയുടെ പ്രവർത്തി നമ്മിൽ തുടരുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഉണ്ടാകുമ്പോൾ രക്ഷ സ്വീകരിച്ച ഒരു വിശ്വാസി നിഷ്ക്രിയനായിരിക്കുവാൻ പാടില്ല. രക്ഷ സ്വീകരിക്കുന്നവർ അതിനു തക്കപ്രവർത്തികൾ ചെയ്തു രക്ഷയിൽ വളരണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്.

ക്രിസ്ത്യാനി രക്ഷിക്കപ്പെട്ടവനാണ്, അവൻ ദൈവത്തോടുള്ള ശരിയായ

ബന്ധം പാലിക്കുന്നിടത്തോളം നീതിമാനുമാണ്. എങ്കിലും അതേ സമയത്ത് പാപിയുമാണ്. പാപക്ഷമ ലഭിച്ച പാപി. അവന്റെ ആളത്തത്തിന്റെ ധാർമ്മിക നവീകരണം അപൂർണ്ണമാണ്. ക്രിസ്ത്യാനിയുടെ ജീവിതം ഏകസമയത്ത് വർത്തമാനകാല ജീവിതവും ഇനി വരുവാനുള്ള ഒരു ജീവിതവുമാകുന്നു. അവൻ ക്രിസ്തുവിനോട് കൂടെ വിശ്വാസത്താൽ ഐക്യപ്പെടുകയും അവന്റെ ജീവിതത്തിൽ പങ്കാളിയാക്കുകയും ചെയ്യുന്നതുകൊണ്ട് രക്ഷ കരഗതമായിരിക്കുന്നു എങ്കിലും ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിനോട് ചേർന്നുള്ള നിത്യജീവന്റെ അവകാശമായും കർത്താവിന്റെ രണ്ടാമത്തെ വരവിൽ സ്ഥാപിതമാകുന്ന പുതിയ രാജ്യത്തിലെ ജീവിതമായും രക്ഷ ചിന്തിക്കുമ്പോൾ രക്ഷ ഒരു നിമിഷം കൊണ്ട് പൂർത്തീകരിക്കുന്നതല്ല.

പത്രോസ് അപ്പോസ്തോലന്റെ വാക്കുകളിൽ രക്ഷ അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുക്കിയിരിക്കുന്നതാണ് അതിനു വേണ്ടി നമ്മെ വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുകയും ചെയ്യുന്നു. പാപത്തിൽ നിന്നും അന്ത്യ ന്യായവിധിയിൽ നിന്നുള്ള വിടുതലും ദൈവരാജ്യത്തിലെ നിത്യജീവനുമായിട്ട് ചിന്തിക്കുമ്പോൾ രക്ഷയുടെ പൂർത്തീകരണം കർത്താവിന്റെ രണ്ടാമത്തെ വരവിലാണ്. അതിനാണ് നാം പ്രത്യാശയോടെ കാത്തിരിക്കുന്നതും അതിനാൽ കൃപയാൽ എന്നെ രക്ഷിച്ചു, അനുദിനം രക്ഷിക്കുന്നു, പൂർണ്ണമായ രക്ഷയ്ക്കായി നോക്കിപ്പാർക്കുന്നു എന്നാണ് രക്ഷയെക്കുറിച്ച് പറയേണ്ടത്.

രക്ഷയെക്കുറിച്ച് ഓർത്തഡോക്സ് സഭ പഠിപ്പിക്കുന്നത് യേശുക്രിസ്തുവിൽ ഉള്ള വിശ്വാസത്തിൽ എന്നെ രക്ഷിച്ചു, ഞാൻ രക്ഷയുടെ പാതയിലാണ്, ഞാൻ രക്ഷിക്കപ്പെടും. ആ ലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്യുന്നു എന്നാണ്. ❑

പൗരോഹിത്യ രജത ജൂബിലിയിലേക്കു പ്രവേശിക്കുന്ന വികാരി ഫാ. ബിജു ദാനിയേലിന് ഗാസിയാബാദ് സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ ആശംസ നേർന്നു.

പുത്തൻപീടിക സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളിയിലെ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ നടത്തിയ 'ദിശ' ലഹരി വിരുദ്ധ ജാഗ്രത സദസ്സിൽ വിമുക്തി മിഷൻ മുൻ ജില്ലാ കോ ഓർഡിനേറ്റർ ജോസ് കളീക്കൽ ക്ലാസ് നയിക്കുന്നു.

ലഹരി വിരുദ്ധ ജാഗ്രതാ സദസ്സ്

പുത്തൻപീടിക: പുത്തൻപീടിക സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളിയിലെ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ 'ദിശ' ലഹരി വിരുദ്ധ ജാ ഗ്രതാ സദസ്സ് നടത്തി. വികാരി ഫാ. എബി ടി. സാമുവൽ അധ്യക്ഷത വഹിച്ചു. വിമുക്തി മിഷൻ മുൻ ജില്ലാ കോ ഓർഡിനേറ്റർ ജോസ് കളീക്കൽ ക്ലാസ് നയിച്ചു. എസ്ഡിഒഎഫ് കേന്ദ്ര സെക്രട്ടറി ഷിബു കെ. ഏബ്രഹാം, ഭദ്രാസന സെക്രട്ടറി ബിജു കുടൽ, ടെനി ചാക്കോ, തോമസ് വർഗീസ്, വികാസ് വർഗീസ് ഇടിക്കുള, മിനി തങ്കച്ചൻ, സുജ മാത്യു, ഗീവർഗീ സ് സാമുവൽ എന്നിവർ പ്രസംഗിച്ചു.

സോഹാർ സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകയുടെ ആഭിമുഖ്യത്തിൽ, സെന്റ്. ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് (ടഉഛഎ) ന്റെ പ്രവർത്തന ഉദ്ഘാടനം ഇടവക വികാരി ഫാ. സാജു പാടാച്ചിറയുടെ അധ്യക്ഷതയിൽ നടന്നു. അഹമ്മദാബാദ് ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ തെയോഫിലോസിന്റെയും, എസ്.ഡി.ഒ.എഫ് കേന്ദ്ര പ്രസിഡന്റ് ഗീവർഗീസ് മാർ പീലക്സിനോസിന്റെയും അനുഗ്രഹാശംസകളും ആത്മീയ സന്ദേശങ്ങളും ചടങ്ങിനെ ധന്യമാക്കി.

ആൻഡമാൻ-നിക്കോബാർ ഐലൻസിലെ പോർട്ട്ബ്ളയർ സെന്റ് മേരീസ് എസ്.ഡി.ഒ.എഫ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി.

സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് (SDOF), ഡൽഹി ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഡൽഹി ഗോസ്പൽ കൺവെൻഷൻ ജൂലൈ 12-ന് ഹൗസ് ഖാസിലുള്ള സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ നടന്നു.

മൺമറഞ്ഞ പ്രവാചകൻ
പരിശുദ്ധ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി

സ്ലീബയുടെ വഴിയിൽ
സഭയെയും സമൂഹത്തെയും നവീകരിച്ച മഹാപിതാവ്

വർഗീസ് പൗലോസ് മൂലംകുഴിയിൽ
(Vice President, SDOF- SGOC Sohar, OMAN)

'നല്ല പോർ ഞാൻ പൊരുതി; ഓട്ടം തികച്ചു; വിശ്വാസം കാത്തുകൊണ്ടു' (2 തിമോഥെയോസ് 4:7)

മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രത്തിൽ ചില വ്യക്തിത്വങ്ങൾ ഒരു കാലഘട്ടത്തെ മാത്രം നയിച്ചവരല്ല; തലമുറകളെ സ്വാധീനിച്ച ആത്മീയ പ്രസ്ഥാനങ്ങളായി അവർ മാറിയവരാണ്. അത്തരത്തിൽ സഭയുടെ ആത്മീയ നവോത്ഥാനത്തിനും സാമൂഹിക ഉണർവിനും മിഷൻ പ്രവർത്തനങ്ങൾക്കും അനശ്വര സംഭാവന നൽകിയ മഹാപിതാവാണ് ഭാഗ്യസ്മരണാർഹനായ പരിശുദ്ധ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി.

അദ്ദേഹം ഒരു മെത്രാപ്പോലീത്ത മാത്രമായിരുന്നില്ല. സ്ലീബാദാസ സമൂഹത്തിന്റെ സ്ഥാപകൻ, മലബാർ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത, സാമൂഹിക നവോത്ഥാന പ്രവർത്തകൻ, അധഃകൃതരുടെ ആത്മസുഹൃത്ത്, മിഷനറി ദർശകൻ, പ്രാർത്ഥനയുടെ മനുഷ്യൻഈ വിശേഷണങ്ങളെല്ലാം അദ്ദേഹത്തിന്റെ ജീവിതത്തിന്റെ വിവിധ മുഖങ്ങളാണ്. എന്നാൽ ഇതെല്ലാം ചേർത്താലും അദ്ദേഹത്തിന്റെ ആത്മീയ മഹത്വത്തിന്റെ ആഴം പൂർണമായി വിവരിക്കാനാവില്ല.

ക്രിസ്തുവിനെ ആരാധനാലയങ്ങളിൽ മാത്രം ഒതുക്കാതെ സമൂഹത്തിന്റെ അറ്റത്തുള്ള മനുഷ്യരിലേക്കെത്തിക്കണം എന്ന ദൈവവിളിയായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തെ നയിച്ച ശക്തി. അതുകൊണ്ടുതന്നെ ജനങ്ങൾ അദ്ദേഹത്തെ സ്നേഹപൂർവം 'മലങ്കര ഗാന്ധി', 'വിജാതീയരുടെ അപ്പോസ്തോലൻ', 'മൺമറഞ്ഞ പ്രവാചകൻ' എന്നിങ്ങനെ വിശേഷിപ്പിച്ചു.

ഒരു ദൈവവിളിയുടെ ആരംഭം

1886 ജൂൺ 20–ന് തൃപ്പൂണിത്തുറയിലെ മൂക്കഞ്ചേരിൽ കുടുംബത്തിൽ ജനിച്ച കൊച്ചുപിള്ള എന്ന ബാലൻ, പിന്നീട് മലങ്കര സഭയുടെ ചരിത്രത്തിലെ ഏറ്റവും സ്വാധീനമുള്ള മിഷനറി മെത്രാപ്പോലീത്തമാരിൽ ഒരാളായി വളർന്നു.

വിദ്യാഭ്യാസത്തിൽ മികവ് പുലർത്തിയ അദ്ദേഹം മഹാരാജാസ് ഹൈസ്കൂളിലും മഹാരാജാസ് കോളേജിലും പഠനം പൂർത്തിയാക്കി അധ്യാപകനായി സേവനം ആരംഭിച്ചു. എന്നാൽ അധ്യാപകജീവിതം അദ്ദേഹത്തിന് ഒരു തൊഴിൽ മാത്രമായിരുന്നില്ല. സമൂഹത്തിലെ പിന്നാക്കവിഭാഗങ്ങളുടെ ദുരിതങ്ങൾ നേരിൽ കണ്ടപ്പോൾ, വിദ്യാഭ്യാസവും സുവിശേഷവും ചേർന്നാണ് യഥാർത്ഥ മനുഷ്യ വിമോചനം സാധ്യമാകുന്നതെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു.

യുവജന പ്രസ്ഥാനങ്ങളിലൂടെയും വേദപുസ്തക പഠനങ്ങളിലൂടെയും അദ്ദേഹത്തിന്റെ ആത്മീയജീവിതം കൂടുതൽ ആഴപ്പെട്ടു. പിന്നീട് ശെമ്മാശ്ശ പട്ടം സ്വീകരിച്ച അദ്ദേഹം ദൈവം തന്നെ ഒരു പ്രത്യേക ദൗത്യത്തിനായി വിളിച്ചിരിക്കുന്നു എന്ന ഉറച്ച ബോധ്യത്തോടെ മിഷൻ പ്രവർത്തനത്തിലേക്ക് പ്രവേശിച്ചു.

സ്ലീബാദാസ സമൂഹം ഒരു ആത്മീയ നവോത്ഥാനത്തിന്റെ തുടക്കം

1924 സെപ്റ്റംബർ 14–ന്, വിശുദ്ധ സ്ലീബാപ്പെരുന്നാൾ ദിനത്തിൽ, തിരുമേനി സ്ഥാപിച്ച സ്ലീബാദാസ സമൂഹം മലങ്കര സഭയുടെ ചരിത്രത്തിലെ നിർണായകമായ ഒരു നാഴികക്കല്ലാണ്.

ഇത് ഒരു സംഘടനയുടെ രൂപീകരണം മാത്രമായിരുന്നില്ല. ക്രിസ്തുവിന്റെ കുരിശിന്റെ ആത്മീയതയെ ജീവിതത്തിലേക്ക് കൊണ്ടുവരാനും, സഭയെ മിഷൻ ദൗത്യത്തിലേക്ക് ഉണർത്താനും ലക്ഷ്യമിട്ട ആത്മീയ പ്രസ്ഥാനമായിരുന്നു അത്.

'കുരിശ് വഹിക്കാതെ ക്രിസ്തുവിനെ അനുഗമിക്കാനാവില്ല'

തിരുമേനിയുടെ ദർശനത്തിൽ സ്ലീബ വെറും ഒരു ചിഹ്നമല്ലായിരുന്നു. അത് സ്നേഹത്തിന്റെ അടയാളം, ത്യാഗത്തിന്റെ വിദ്യാലയം, വിനയത്തിന്റെ പാഠം, ക്ഷമയുടെ ജീവിതം, ഉയിർപ്പിലേക്കുള്ള വഴി എന്നിങ്ങനെയായിരുന്നു.

അതുകൊണ്ടാണ് അദ്ദേഹം പഠിപ്പിച്ചത് കുരിശ് വഹിക്കാതെ ക്രിസ്തുവിനെ അനുഗമിക്കാനാവില്ല.



ഇന്നും സ്ലീബാദാസ സമൂഹം മലങ്കരസഭയിലെ അനേകം വിശ്വാസികളെ പ്രാർത്ഥനയിലേക്കും, വിശുദ്ധ ജീവിതത്തിലേക്കും, സേവന മനോഭാവത്തിലേക്കും നയിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രസ്ഥാനത്തിന്റെ ശതാബ്ദി ആഘോഷം ഒരു സംഘടനയുടെ വാർഷികമല്ല; സഭയുടെ മിഷൻ ആത്മാവിനെ വീണ്ടും ഓർമ്മിപ്പിക്കുന്ന ദൈവവിളിയാണ്.

കുടിലുകളിലേക്കിറങ്ങിയ മിഷണറി

പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ മിഷൻ പ്രവർത്തനത്തിന് ഒരു പ്രത്യേകതയുണ്ടായിരുന്നു. അദ്ദേഹം മനുഷ്യരെ തന്റെ അടുത്തേക്ക് വിളിച്ചില്ല; മനുഷ്യരുടെ അടുത്തേക്ക് നടന്നു.

ഗ്രാമങ്ങളിലൂടെ, കുന്നിൻപുറങ്ങളിലൂടെ, കാടുകളിലൂടെ, ചെളിവഴികളിലൂടെ സഞ്ചരിച്ച് സാധാരണ ജനങ്ങളുടെ വീടുകളിലെത്തി. കുടിലുകളിൽ ഇരുന്ന് പ്രാർത്ഥിച്ചു. യേശുക്രിസ്തുവിന്റെ സ്നേഹം പങ്കുവെച്ചു. കുട്ടികളെ പഠിപ്പിക്കണമെന്നും കുടുംബജീവിതം വിശുദ്ധമാക്കണമെന്നും ശുചിത്വവും ആത്മീയ അച്ചടക്കവും പാലിക്കണമെന്നും അദ്ദേഹം ഉപദേശിച്ചു.

അദ്ദേഹത്തിന്റെ ലക്ഷ്യം സഭയുടെ അംഗസംഖ്യ കൂട്ടുക എന്നതല്ലായിരുന്നു. ഓരോ മനുഷ്യനും ക്രിസ്തുവിൽ പുതിയ ജീവിതം കണ്ടെത്തണം എന്നതായിരുന്നു. ഈ ലളിതമായ മിഷൻ രീതിയാണ് അദ്ദേഹത്തെ ജനങ്ങളുടെ സ്വന്തം പിതാവാക്കിയത്.

സാമൂഹിക നവോത്ഥാനത്തിന്റെ മുൻഗാമി

പരിശുദ്ധ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി സമൂഹത്തിലെ അനീതികളെ കണ്ടിട്ടും മൗനം പാലിച്ചില്ല. ജാതിവിവേചനം, തീണ്ടൽ, തൊടീൽ തുടങ്ങിയ സാമൂഹിക ദുരാചാരങ്ങൾക്കെതിരെ അദ്ദേഹം ശക്തമായി

നിലകൊണ്ടു. ഓരോ മനുഷ്യനും ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവനാണെന്നും, ക്രിസ്തുവിൽ എല്ലാവർക്കും ഒരേ മഹത്വമാണെന്നും അദ്ദേഹം വിശ്വസിച്ചു.

ഗലാത്യർ 3:28-ലെ വചനം 'യഹൂദനും യവനനും എന്നില്ല; ദാസനും സ്വതന്ത്രനും എന്നില്ല; ആണും പെണ്ണും എന്നുമില്ല; നിങ്ങളെല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ'അദ്ദേഹത്തിന്റെ ജീവിതദർശനമായി മാറി.

വൈക്കം സത്യാഗ്രഹത്തിന്റെ കാലഘട്ടത്തിൽ സാമൂഹിക സമത്വത്തിനു വേണ്ടിയുള്ള അദ്ദേഹത്തിന്റെ ഇടപെടലുകൾ അദ്ദേഹത്തെ സഭയുടെ അതിരുകൾക്കപ്പുറവും ആദരിക്കപ്പെടുന്ന നേതാവാക്കി.

അധഃകൃതരുടെ വിദ്യാഭ്യാസത്തിനും സാമൂഹിക ഉന്നമനത്തിനുമായി അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിൽ പ്രത്യേകം ഓർമ്മിക്കപ്പെടേണ്ടവയാണ്.

ആരാധനയെ ജനഹൃദയങ്ങളിലേക്ക് എത്തിച്ച ദർശകൻ

ദൈവാരാധന വിശ്വാസിയുടെ ഹൃദയത്തെ സ്പർശിക്കണമെങ്കിൽ അത് മനസ്സിലാക്കാൻ കഴിയണം എന്ന ചിന്ത തിരുമേനിക്കുണ്ടായിരുന്നു. സുറിയാനി ആരാധനാക്രമങ്ങൾ മലയാളത്തിലേക്ക് എത്തിക്കുന്ന ശ്രമങ്ങൾക്ക് അദ്ദേഹം നൽകിയ പിന്തുണ സഭാജീവിതത്തിൽ പുതിയ ആത്മീയ ഉണർവിന് വഴി തുറന്നു. തുടക്കത്തിൽ എതിർപ്പുകൾ ഉണ്ടായിരുന്നെങ്കിലും, പിന്നീട് അതേ ദർശനം വിശ്വാസികൾക്ക് ആരാധനയെ കൂടുതൽ അർത്ഥവത്തായി അനുഭവിക്കാൻ സഹായിച്ചു. ആരാധന ഒരു ആചാരമല്ല; ദൈവത്തോടുള്ള ജീവനുള്ള സാക്ഷാത്കാരമാണെന്ന സത്യം അദ്ദേഹം ജീവിതംകൊണ്ട് പഠിപ്പിച്ചു.

മലബാർ ഭദ്രാസനത്തിന്റെ പ്രഥമ ഇടയൻ

1953-ൽ മെത്രാപ്പോലീത്തയായി അഭിഷിക്തനായ ശേഷം മലബാർ ഭദ്രാസനത്തിന്റെ പ്രഥമ ഇടയനെന്ന നിലയിൽ തിരുമേനി അതുല്യമായ സേവനം അനുഷ്ഠിച്ചു.

അക്കാലത്ത് യാത്രാസൗകര്യങ്ങൾ വളരെ പരിമിതമായിരുന്നു. എന്നിട്ടും കുന്നും മലയും കാടും താണ്ടി അദ്ദേഹം വിശ്വാസസമൂഹങ്ങളിലേക്ക് നേരിട്ടെത്തി. പുതിയ ദേവാലയങ്ങൾ രൂപംകൊള്ളുന്നതിനും വിശ്വാസികളുടെ ആത്മീയ വളർച്ചയ്ക്കും അദ്ദേഹം നൽകിയ നേതൃത്വം മലബാർ ഭദ്രാസനത്തിന്റെ വളർച്ചയ്ക്ക് ശക്തമായ അടിത്തറയായി.

ലാളിത്യമായിരുന്നു അദ്ദേഹത്തിന്റെ ജീവിതമുദ്ര. സ്വന്തമായി സൗകര്യങ്ങൾ സമ്പാദിക്കുന്നതിനേക്കാൾ ദരിദ്രരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിലായിരുന്നു അദ്ദേഹത്തിന്റെ സന്തോഷം.

പ്രാർത്ഥനയും സേവനവും ഒരേ ശ്വാസം

തിരുമേനിയുടെ ജീവിതത്തിൽ പ്രാർത്ഥനയും സേവനവും വേർതിരിക്കാനാവാത്തവയായിരുന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥന മനുഷ്യനെ സേവനത്തിലേക്ക് നയിച്ചു; സേവനം വീണ്ടും പ്രാർത്ഥനയിലേക്ക് തിരികെ കൊണ്ടുവന്നു.

അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ യഥാർത്ഥ ക്രിസ്തീയ ജീവിതം എന്നത്

പ്രാർത്ഥനയിൽ വേരൂന്നിയ വിശ്വാസം,
സുവിശേഷത്തിൽ അധിഷ്ഠിതമായ ജീവിതം,
സ്നേഹത്തിൽ പ്രകടമാകുന്ന സേവനം,
കുരിശിനെ സന്തോഷത്തോടെ വഹിക്കുന്ന ശിഷ്യത്വം.

ഇതുതന്നെയാണ് സ്ലീബാദാസ സമൂഹത്തിന്റെ ആത്മീയതയുടെ ഹൃദയം.



ഇന്നത്തെ സഭയ്ക്കുള്ള സന്ദേശം

നൂറ് വർഷങ്ങൾക്ക് മുമ്പ് തിരുമേനി ആരംഭിച്ച ദൗത്യം ഇന്നും പൂർത്തിയായിട്ടില്ല.

ഇന്നും സമൂഹത്തിൽ ഒറ്റപ്പെടുന്നവരുണ്ട്.
ഇന്നും സ്നേഹം തേടുന്ന കുടുംബങ്ങളുണ്ട്.
ഇന്നും ആത്മീയ ദാഹത്തോടെ കഴിയുന്ന മനുഷ്യരുണ്ട്.

ഇന്നും സഭയ്ക്ക് വീടുകളിലേക്ക് ഇറങ്ങിച്ചെല്ലുന്ന മിഷനറിമാരെ ആവശ്യമുണ്ട്.

സ്ലീബാദാസ സമൂഹത്തിന്റെ യഥാർത്ഥ പാരമ്പര്യം ആഘോഷങ്ങളിൽ മാത്രമല്ല; കുരിശിന്റെ ആത്മീയത ജീവിതത്തിൽ ആചരിക്കുന്നതിലാണ്.

ഒരു യഥാർത്ഥ സ്ലീബാദാസൻ പ്രാർത്ഥിക്കുന്നവനാണ്; ക്ഷമിക്കുന്നവനാണ്; സേവിക്കുന്നവനാണ്; ദരിദ്രരിൽ ക്രിസ്തുവിനെ കാണുന്നവനാണ്; സഭയെ സ്നേഹിക്കുന്നവനാണ്.

ഉപസംഹാരം

പരിശുദ്ധ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ജീവിതം മലങ്കരസഭയ്ക്ക് ദൈവം നൽകിയ മഹത്തായ അനുഗ്രഹമാണ്. അദ്ദേഹം കെട്ടിടങ്ങൾ മാത്രം പണിതില്ല; വിശ്വാസ സമൂഹങ്ങളെ പടുത്തുയർത്തി. അദ്ദേഹം പ്രസംഗങ്ങൾ മാത്രം നടത്തിയില്ല; ജീവിതംകൊണ്ട് സുവിശേഷം പ്രസംഗിച്ചു. അദ്ദേഹം ഒരു സംഘടന സ്ഥാപിച്ചതല്ല; ഒരു ആത്മീയ നവോത്ഥാനത്തിന് തുടക്കം കുറിച്ചു. അദ്ദേഹം മെത്രാപ്പോലീത്തയുടെ പദവി വഹിച്ചതല്ല; നല്ല ഇടയന്റെ ജീവിതം നയിച്ചു.

ഇന്ന് അദ്ദേഹത്തെ അനുസ്മരിക്കുമ്പോൾ, അദ്ദേഹത്തിന്റെ ചരിത്രം മാത്രം വായിച്ചാൽ മതിയാകില്ല; അദ്ദേഹത്തിന്റെ ദർശനം ജീവിക്കണം.

സത്യത്തിൽ ഉറച്ചുനിൽക്കാനും, കുരിശിനെ സന്തോഷത്തോടെ വഹിക്കാനും, ദൈവത്തെ ആത്മാർത്ഥമായി സ്നേഹിക്കാനും, മനുഷ്യനെ വിവേചനമില്ലാതെ സേവിക്കാനും അദ്ദേഹം നമ്മെ പഠിപ്പിക്കുന്നു.

അതുകൊണ്ടുതന്നെ പരിശുദ്ധ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി ഇന്നും മലങ്കര സഭയുടെ ഹൃദയത്തിൽ ജീവിക്കുന്നു. അദ്ദേഹത്തിന്റെ വിശുദ്ധ സ്മരണം നമ്മുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുകയും, നമ്മുടെ പ്രാർത്ഥനയെ ആഴപ്പെടുത്തുകയും, നമ്മുടെ സേവനത്തെ കൂടുതൽ അർത്ഥവത്താക്കുകയും ചെയ്യട്ടെ.



'സ്ലീബയുടെ വഴി തന്നെയാണ് ക്രിസ്തുവിന്റെ വഴി' എന്ന തിരുമേനിയുടെ ജീവിതസാക്ഷ്യം തലമുറകളെ എന്നും പ്രകാശിപ്പിക്കട്ടെ.

ജനഹൃദയങ്ങളിൽ ഉദിച്ച നിർമ്മല മന്ദഹാസം

പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ

ജോർജ്ജ് ജോസ്

(കേന്ദ്ര റീജിയണൽ സെക്രട്ടറി)



1946 ഓഗസ്റ്റ് 30-നു കുന്നംകുളം, മങ്ങാട്, കൊള്ളന്നൂർ വീട്ടിൽ ഉദിച്ച താരകം ഇന്ന് ജന ഹൃദയങ്ങളിൽ ഒളി മങ്ങാതെ ജ്വലിച്ചു നിൽക്കുന്നു. ഒരു സാധാരണ കർഷക കുടുംബത്തിൽ നിന്ന് ഒരു ഭക്തനെ, സിദ്ധനെ, ദൈവം മലങ്കര സഭയ്ക്കായി ഉയർത്തികൊണ്ട് വന്നു. പന്ത്രണ്ടാം വയസിൽ മദ്ബഹ ശുസ്രൂഷകൻ ആയി തുടങ്ങിയ ആ ആത്മീയ ജീവിതം എഴുപതിയഞ്ചാം വയസിൽ അസ്തമിക്കുമ്പോൾ ആയിരം ഉദയ സൂര്യ ശോഭയോടെ ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചിരുന്നു.

ആത്മീയ ജീവിത യാത്രയിൽ വ്യക്തമായ കാഴ്ചപ്പാടുകളും നിലപാടുകളും ഉറച്ച തീരുമാനങ്ങളും പൗരോഹിത്യ പ്രവർത്തനങ്ങളുടെ ആദ്യ കാലങ്ങളിൽ തന്നെ കൈക്കൊണ്ടിരുന്നു. മഹാ പൗരോഹിത്യ - പ്രധാന മേലധ്യക്ഷ സ്ഥാനങ്ങളിൽ അത് തുടരുകയും ചെയ്തു.

MGOCSM ന്റെ കോട്ടയം തിരുവനന്തപുരം സെന്റർ കളിൽ ആദ്യം പ്രവർത്തിച്ചു. തിരുവനന്തപുരം സെൻട്രൽ ജയിലിൽ വി. കുർബാന അർപ്പിക്കാൻ തടവുകാർ തന്നെ തോർത്തുകൾ കൂട്ടിത്തുന്നി തിരശീല നിർമിച്ചു നൽകിയപ്പോൾ തന്നെ ഫാ. കെ. ഐ. പോൾ എന്ന ആ വൈദികനിലെ ആത്മീയ വെളിച്ചം മറ്റുള്ളവരിലേക്ക് പ്രസരിച്ചിരുന്നു എന്ന് വെളിവാകുന്നു. എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ സഹ വികാരി ആയി സേവനം അനുഷ്ഠിക്കുന്ന കാലത്ത് മുകളിൽ സൂചിപ്പിച്ച ശ്രേഷ്ഠ ഗുണങ്ങളുടെ വ്യക്തമായ പ്രകാശനം ഉണ്ടായിട്ടുണ്ട്. ക്രാന്തദർശിയായ കിഴക്കിന്റെ മഹാനായ കാതോലിക്കാ പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവ അത് തിരിച്ചറിയുകയും സഭക്ക് മുതൽക്കൂട്ട് ആക്കുകയും ചെയ്തു.

രണ്ട് സംഭവങ്ങൾ മാത്രം ഉദാഹരണം ആയി സൂചിപ്പിക്കുന്നു..

ചിറ്റൂർ റോഡിൽ മുറുക്കാൻ കട നടത്തിയിരുന്ന പാത്രിയർക്കീസ് വിഭാഗക്കാരനായ നിർധനനായ ഒരു വ്യക്തി കടയിൽ മരിച്ചു കിടക്കുന്ന വിവരം അറിഞ്ഞു പോൾ അച്ചൻ അവിടെ എത്തുകയും മൃതദേഹം ഏറ്റെടുക്കാൻ ആളില്ലാത്തതിനാൽ അച്ചൻ തന്നെ ഏറ്റെടുത്ത് ശവസംസ്കാരം നിർവഹിക്കുകയും ചെയ്തു.

മംഗലാപുരത്ത് നിന്ന് തിരുവനന്തപുരത്തേക്ക് ട്രെയിനിൽ യാത്ര ചെയ്തിരുന്ന യുവ ദമ്പതികളുടെ ഏതാനും മാസങ്ങൾ മാത്രം പ്രായമുള്ള കുഞ്ഞ് തൃശൂർ എത്തിയപ്പോൾ മരണമടഞ്ഞു. എറണാകുളം റെയിൽവേ സ്റ്റേഷനിൽ ഇറങ്ങി സഹായം തേടിയ അവരെ ആരോ പോൾ അച്ചന്റെ അടുത്തേക്ക് അയച്ചു. സെന്റ് മേരീസ് പള്ളിയിൽ എത്തിയ അവരോട് അച്ചൻ കാര്യങ്ങൾ ചോദിച്ചറിഞ്ഞു. ക്രിസ്തീയ ആചാരപ്രകാരം കുഞ്ഞിന്റെ മൃതദേഹം അടക്കം ചെയ്യണം എന്നതാണ് അവരുടെ ആവശ്യം. കുഞ്ഞിന്റെ പിതാവ് വിദേശിയാണ്. മംഗലാപുരത്തേക്ക് തിരിച്ചു പോകുന്നത് പ്രായോഗികവുമല്ല. പോൾ അച്ചൻ പള്ളി ചുമതലക്കാരോടും ഒരു വക്കീലിനോടും അഭിപ്രായം ആരാഞ്ഞു. കുട്ടിയുടെ പിതാവ് വിദേശി ആയതിനാൽ നിയമപരമായ പ്രശ്നം അവർ സൂചിപ്പിച്ചു. എന്നാൽ ദുഃഖിതരായ ആ യുവദമ്പതികളെ കൈവിടാൻ അച്ചൻ ഒരുക്കമായില്ല. ഇതിനിടയിൽ അവർ കത്തോലിക്ക സഭ അംഗങ്ങൾ ആണെന്ന് പോൾ അച്ചൻ മനസിലാക്കി. ഉടൻതന്നെ അടുത്തുള്ള കത്തോലിക്ക പള്ളി വികാരിയെ വിളിച്ചു വിവരങ്ങൾ പറയുകയും അവരെ ഒരു വാഹനം ക്രമീകരിച്ചു അവിടേക്ക് അയക്കുകയും, അവിടെ എന്തെങ്കിലും തടസം ഉണ്ടായാൽ മടങ്ങി വരണമെന്നും ഇവിടെ കുഞ്ഞിന്റെ സംസ്കാരം താൻ നടത്തികൊള്ളാം എന്ന് അവർക്ക് ഉറപ്പു കൊടുക്കുകയും ചെയ്തു. അതിന്റെ പേരിൽ വരുന്ന എല്ലാ പ്രശ്നങ്ങളും ഞാൻ നേരിട്ടുക്കൊള്ളാം എന്ന് അറിയിക്കുകയും ചെയ്തു. പോൾ അച്ചന്റെ ആവശ്യപ്രകാരം കത്തോലിക്കാ പള്ളി വികാരി അവിടെ ആ കുഞ്ഞിന്റെ സംസ്കാരം നടത്തിക്കൊടുത്തു. നിയമ പ്രശ്നങ്ങൾ ഒന്നും അതിന്റെ പേരിൽ ഉണ്ടായിട്ടില്ല. പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ ദൈവാശ്രയ ബോധത്തോടെ ശക്തവും സ്ഥിരവുമായ തീരുമാനങ്ങൾ എടുക്കാനും അത് നടപ്പിലാക്കാനും ഉള്ള ദൈവീക കൃപയും കഴിവും ഉണ്ടായിരുന്നു എന്നതിന്റെ തെളിവുകളിൾ ചിലത് മാത്രം ആണിത്.

പരിശുദ്ധ പരുമല തിരുമേനിക്കും മഹാനായ പുത്തൻകാവിൽ തിരുമേനിയ്ക്കും ശേഷം 40 വയസിനു മുൻപ് മഹാപൗരോഹിത്യ സ്ഥാനത്ത് എത്തിയ പിതാവിൽ പ്രായത്തിൽ കവിഞ്ഞ പക്വതയും ദൈവിക കൃപയും ഉണ്ടായിരുന്നു എന്നത് കൊച്ചു മെത്രാച്ചൻ പുതിയ ഭദ്രസനത്തെ (കുന്നംകുളം) ശ്രേഷ്ഠമായി നയിച്ചത് കണ്ടാൽ മനസിലാകും.

പൗലോസ് അപ്പോസ്തോലൻ തന്റെ ലേഖനത്തിൽ വിവരിക്കുന്ന ആത്മാവിന്റെ ഫലങ്ങൾ തന്റെ ജീവിതത്തിൽ പുറപ്പെടുവിച്ച വ്യക്തി ആയിരുന്നു പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവ. സ്നേഹവും കരുണയും മനസലിവും ലാളിത്യവും വിശുദ്ധിയും പ്രാർഥനജീവിതവും എല്ലാം എല്ലാം അവിടെ ആ പുണ്യ പിതാവിൽ സമ്മേളിച്ചിരുന്നു.

പറളി സ്കൂളിൽ നിന്ന് ദേശീയ ഗെയിംസിൽ പങ്കെടുത്തു വിജയിയായി വന്ന കുട്ടിക്ക് സ്വന്തം വീടില്ലാത്തതിനാൽ ഒരു പുതിയ വീട് സമ്മാനമായി നൽകിയത് മുതൽ കുന്നംകുളം അയ്യമ്പറമ്പിൽ ഇന്ന് ഉയർന്നു നിൽക്കുന്ന 32 വീടുകൾ.

മദ്രാസ് മെഡിക്കൽ മിഷൻ ആശുപത്രിയുമായി ബന്ധപ്പെട്ട് നടപ്പാക്കിയ ആതുരസേവന സഹായം.

'വലതു കൈ ചെയ്യുന്നത് ഇടതു കൈ അറിയാതെയുള്ള' വലിയ പ്രവർത്തനങ്ങൾ.

പിതാവ് തന്റെ ഹൃദയത്തോട് ചേർത്തു വച്ച 'സ്നേഹസ്പർശം.' മലയാളികളുടെ അഭിമാനം ശ്രീമതി കെ. എസ്. ചിത്രയുടെ സഹകരണത്തോടെ വിജയകരമായി ആ പദ്ധതി നടപ്പാക്കി. സ്നേഹസ്പർശത്തിനു വേണ്ടി ശ്രീമതി ചിത്രയുടെ നേതൃത്വത്തിൽ അമേരിക്കയിൽ ഒരു പരിപാടി പിതാവ് ആസൂത്രണം ചെയ്ത സമയത്താണ് കൊറോണ പടർന്നു പിടിച്ചത്. നടക്കാതെ പോയ ഒരു സ്വപ്നം അവശേഷിപ്പിച്ചു പിതാവും യാത്രയായി.

പ്രാർഥന, ജീവിതത്തിലെ അവിഭാജ്യ ഘടകമാക്കിയ ഒരു പിതാവ് ആയിരുന്നു അദ്ദേഹം. പ്രകടനാത്മകത ഒട്ടുമില്ലാത്ത പ്രാർഥനാശൈലി. കോട്ടയം ഞാലിയാകുഴി ദയറയിൽ എല്ലാ മാസവും രണ്ട് ദിവസം മൗനമിരിക്കുമ്പോഴും അത് അധികമാരും അറിഞ്ഞിട്ടില്ല. അവിടെ തിരുമേനി ഉപയോഗിക്കുന്ന

മുറിയിൽ എയർകണ്ടിഷണർ സ്ഥാപിക്കാൻ ദയറ ചുമതലക്കാർ തുനിഞ്ഞപ്പോൾ, കിടക്കാൻ പായ അല്ലാതെ മെത്ത പോലും ഉപയോഗിക്കാതിരുന്ന പിതാവ് അത് വിലക്കി. പുറത്ത് പൌരസ്ത്യ കാതോലിക്കായുടെ സ്ഥാന മഹിമക്കൊത്തവണ്ണം പെരുമാറിയ പിതാവ് വ്യക്തി ജീവിതത്തിൽ വള്ളി ചെരുപ്പും കോട്ടൺ കമ്മീസും വെറും പായയിൽ ഉള്ള കിടപ്പും ഇഷ്ടപ്പെട്ടു.

പരിശുദ്ധ പിതാവിന്റെ യൗവ്വന കാലത്ത് Sunday School, MGOCSM, OCYM എന്നിവയുടെ നേതൃനിരയിൽ പ്രവർത്തിച്ചിരുന്നതിനാൽ ഈ പ്രസ്ഥാനങ്ങളോടും അതിലെ പ്രവർത്തകരോടും വളരെ അടുപ്പവും സ്നേഹവും കരുതലും എന്നും പുലർത്തിയിരുന്നു. അതിനാൽ തന്നെ യുവമനസുകളിൽ ആ പിതാവും സ്ഥാനം പിടിച്ചു. യുവജനങ്ങൾ ഇത്രമാത്രം നെഞ്ചിലേറ്റിയ ഒരു കാതോലിക്കാ ബാവ മലങ്കരയിൽ ഉണ്ടായിട്ടുണ്ടോ എന്ന് സംശയമാണ്. അത് ഇന്നും നില നിൽക്കുന്നു.

സഭയെ കുറിച്ചും സമൂഹത്തെ കുറിച്ചും നല്ല കാഴ്ചപ്പാടുകൾ പുലർത്തിയ പിതാവ് എല്ലാം ദൈവത്തിൽ സമർപ്പിച്ചിരുന്നു. പ്രത്യാശ നിറഞ്ഞ ഒരു ക്രിസ്തീയ ജീവിതത്തിന്റെ ഉത്തമ മാതൃക ആയിരുന്നു പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവ. പ്രാർത്ഥനാ ജീവിതവും പുണ്യപ്രവർത്തനങ്ങളും രഹസ്യമാക്കി വച്ചുള്ള ജീവിതം. പരിശുദ്ധ പിതാവ് കാലം ചെയ്തതിനു ശേഷം ആണ് ആ ജീവിതത്തിന്റെ ആഴവും പരപ്പും ലോകം മനസിലാക്കിയത്. സ്വന്തം സഭയിൽ ഉള്ളവരെക്കാൾ അത് തിരിച്ചറിഞ്ഞത് ഒരു പക്ഷെ പുറത്തുള്ളവർ ആയിരുന്നിരിക്കണം. മലയാളത്തിന്റെ വാനംപാടി യുടെയും പറളി സ്കൂളിലെ കായികാധ്യാപകൻ ശ്രീ മനോജിന്റെയും തുടങ്ങി ക്ഷേത്രം ഭാരവാഹികളുടെ വരെ അനുശോചന കുറിപ്പുകൾ അതാണ് വെളിവാക്കുന്നത്.

സഭയ്ക്ക് അകത്തുനിന്നും പുറത്തുനിന്നും ഇത്രയധികം മാനസിക സമ്മർദ്ദം അനുഭവിക്കേണ്ടി വന്നെങ്കിലും ആ മുഖകമലത്തിൽ നൈർമല്യം ഉള്ള മന്ദഹാസം പ്രകാശം പരത്തിനിന്നു. ആ പ്രകാശം അനേകം ഹൃദയങ്ങളെയും മനസുകളെയും നിറച്ചും കീഴടക്കിയും ഇന്നും നിലകൊള്ളുന്നു.

പരിശുദ്ധ ബസെലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ ബാവയുടെ അഞ്ചാം ഓർമ്മപ്പെരുന്നാൾ ആചരിക്കുന്ന ഈ അവസരത്തിൽ ആ ശ്രേഷ്ഠ മഹാപുരോഹിതന്റെ - ആ സ്നേഹ സാഗരത്തിന്റ, കരുണയുടെ വറ്റാത്ത ഉറവിടത്തിന്റെ, പ്രാർത്ഥനാ ഗോപുരത്തിന്റെ - പാവന സ്മരണക്ക് മുമ്പിൽ മാധ്യസ്ഥത അപേക്ഷിച്ചു കൊണ്ട് ഹൃദയഞ്ജലികൾ അർപ്പിക്കുന്നു. ആ സ്നേഹം അല്പമായി അനുഭവിച്ചറിയാൻ ഭാഗ്യം സിദ്ധിച്ച ആത്മീയ മകൻ.

ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പല വിധത്തിലും ദൈവത്തിന്റെ പാദാരാവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ. നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല.

- പ. പരുമല തിരുമേനി

കോട്ടയം ഭദ്രാസനത്തിലെ നിലയ്ക്കൽ ഓർത്തഡോക്സ് പള്ളിയിലെ SDOF ന്റെ നേതൃത്വത്തിൽ 'മാർത്തോമൻ ചരിത്ര പഠനയാത്ര' നടത്തുന്നതിന്റെ ഭാഗമായി പരിശുദ്ധ മാർത്തോമാ ശ്ലീഹ സ്ഥാപിച്ച ദേവാലയങ്ങൾ സന്ദർശിക്കുന്നു. മാർത്തോമാ ശ്ലീഹായാൽ സ്ഥാപിതമായ നിരണം പള്ളി സന്ദർശിച്ചു. SDOF ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ലിബിൻ ഫിലിപ്പോസ് ഫ്ലാഗ് ഓഫ് ചെയ്തു.

ആൻഡമാൻ-നിക്കോബാർ ഐലൻസിലെ പോർട്ട്ബ്ളയർ സെന്റ് മേരീസ് എസ്.ഡി.ഒ.എഫ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. മെഡിക്കൽ ടീമംഗങ്ങൾ യൂണിറ്റ് അംഗങ്ങളോടൊപ്പം.

പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവാ അനുസ്മരണ യോഗം Jebel ali (Dubai) St. Gregorios Orthodox ദേവാലയത്തിൽ വെച്ചു വിശുദ്ധ കുർബാനയ്ക്ക് ശേഷം ഇടവക വികാരിയും യൂണിറ്റ് പ്രസിഡന്റും ആയ ഫാ. എബ്രഹാം മാത്യുവിന്റെ അദ്ധ്യക്ഷതയിൽ നടന്നു. SDOF Jebel ali യൂണിറ്റിന്റെ വൈസ് പ്രസിഡന്റ് സാം കൈപ്പള്ളിൽ മാത്യു അനുസ്മരണം നടത്തുകയും ചെയ്തു. SDOF സെക്രട്ടറി ഷാജൻ ദാനിയേൽ, ജോയിന്റ് സെക്രട്ടറി കോശി കെ., ട്രഷറർ സുനിൽ സി. ബേബി, കമ്മറ്റി അംഗങ്ങൾ, പ്രസ്ഥാനം അംഗങ്ങൾ, എന്നിവരും ഈ യോഗത്തിൽ സംബന്ധിച്ചു.

ഡൽഹി ഭദ്രാസനത്തിലെ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ ഗോസ്പൽ കൺവൻഷനിൽ പങ്കെടുത്തവർ ഫാ. സജു തോമസ്, ഭദ്രാസന സെക്രട്ടറി ഫാ. സജി ഏബ്രഹാം, ഫാ. ആരോൺ ജോൺ എന്നിവർക്കൊപ്പം.

കൊല്ലം ഭദ്രാസന തഴവ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയിൽ SDOF യൂണിറ്റ് ഉൽഘാടനം ചെയ്തു.

ഇൻഡോർ സെന്റ് മേരിസ് ഓർത്തഡോക്സ് വലിയപള്ളിയിലെ സെന്റ് ഡയനീഷ്യസ് ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ നടത്തിയ പിക്നിക്.

ചങ്ക് തകർന്നാലും തകരില്ല

ബിനു തങ്കച്ചൻ മാവേലിക്കര

ചങ്ക് തകർന്നു തേങ്ങിടുമ്പോൾ
ഹൃത്തടം കാണുന്ന അരുമനാഥൻ
മാനപാത്രമായി ഉയർത്തിടും നിന്നെ
കണ്ണീർത്തുള്ളിക്കപ്പുറം മൂല്യമായി

മനമുരുകും മുറിവിൻ ഭാഷയും
മൗനഗീതവും മുന്നമേയറിയും പിതാവേ
കണ്ണീർ നിറഞ്ഞ വീഥികളിൽ
ആനന്ദക്കതിരുകൾ നിറയ്ക്കും പിതാവേ

ഒടിഞ്ഞ നാണൽ നുറുക്കിടാതെ
പുകയുന്ന തിരി കെടുത്തിടാതെ
നിശബ്ദ രാവിൻ നെടുവീർപ്പുകൾ
സ്വർഗസിംഹാസനം കേൾക്കുമല്ലോ

വേദനയുടെ തീയിലുരുകിയ വിശ്വാസം
വിശുദ്ധസ്വർണമായി തിളങ്ങിടും
കുരിശിൻ ഭാരമേറ്റു നടന്നവർക്ക്
മഹിമ തൻ കിരീടം ഒരുക്കിയവൻ

കാറ്റിൻ ചിറകിൽ പറന്നുപോയ
സ്വപ്നച്ചില്ലകൾ ചേർത്തിടുമവൻ
ചാരത്തിനുള്ളിൽ തീപ്പൊരി പോലെ
പ്രത്യാശ വീണ്ടും ജ്വലിപ്പിക്കുമവൻ.

ചങ്ക് തകർന്നാലും ഞാൻ തകരില്ല,
ചാരമായാലും ഞാൻ അണയില്ല
നിൻ സ്നേഹം താങ്ങായപ്പോൾ
ജീവിതഗാനം മാഞ്ഞുപോകില്ല

എൻ കണ്ണീരൊന്നും വെറുതെയല്ല
നിൻ കുപ്പിയിൽ സൂക്ഷിച്ച മുത്തുകൾ
എൻ നെടുവീർപ്പും വെറുതെയല്ല
നിൻ ഹൃദയത്തിലെഴുതിയ പ്രാർത്ഥന.

പ്രതിനിധി സമ്മേളനം

പറക്കോട്: സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് പറക്കോട് ഡിസ്ട്രിക്ട് പ്രതിനിധി സമ്മേളനം ഭദ്രാസന വൈസ്പ്രസിഡന്റ് ഫാ. തോമസ് മാത്യു ഉദ്ഘാടനം ചെയ്തു. വികാരി ഫാ. ജെറിൻ ജോൺ അധ്യക്ഷനായി. ഭദ്രാസന സെക്രട്ടറി ഷെല്ലി ബേബി, കേന്ദ്രകമ്മിറ്റി അംഗം പ്രിയ ജേക്കബ്, കോഓർഡിനേറ്റർ ബിജോയ് ജോൺ, മേരി ജേക്കബ്, മാത്യു രാജൻ എന്നിവർ പ്രസംഗിച്ചു.

ലഹരിവിരുദ്ധ കൂട്ടപ്രതിജ്ഞ സംഘടിപ്പിച്ചു

ഡൽഹി: കേരളത്തിൽ യുവാക്കളെ വഴിതെറ്റിക്കുന്ന മയക്കുമരുന്നിനെതിരെ സർക്കാർ, പൊലീസ്, എക്സൈസ് വകുപ്പ് എന്നിവർ സ്വീകരിക്കുന്ന ശക്തമായ നടപടികൾ സമൂഹത്തിന്റെ സുരക്ഷയ്ക്കും യുവതലമുറയുടെ ഭാവിക്കും അനിവാര്യമാണ്. മയക്കുമരുന്ന് കടത്ത് തടയൽ, ലഹരി മാഫിയക്കെതിരായ നിയമനടപടികൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, ചികിത്സയും പുനരധിവാസവും എന്നിവ ഒരുമിച്ച് മുന്നോട്ടുപോകുമ്പോഴാണ് ലഹരിക്കെതിരായ പോരാട്ടം കൂടുതൽ ഫലപ്രദമാകുന്നത്. അതോടൊപ്പം കുടുംബങ്ങൾ, സ്കൂളുകൾ, മത-സാമൂഹിക സംഘടനകൾ എന്നിവരും യുവാക്കളെ ലഹരിയുടെ പിടിയിൽ നിന്ന് അകറ്റാൻ സജീവമായി പങ്കാളികളാകേണ്ടതുണ്ടെന്നും ഊന്നിപ്പറഞ്ഞു.

ഈ സന്ദേശം ശക്തിപ്പെടുത്തിക്കൊണ്ട്, സെന്റ് ഡയോണീഷ്യസ് ഓർത്തഡോക്സ് ഫെല്ലോഷിപ്പ് (SDOF), ഡൽഹി ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ, കേരള സർക്കാരിനോടൊപ്പം നോർത്ത് ഇന്ത്യയിലെ മലങ്കര ഓർത്തഡോക്സ് സഭ ഡൽഹി ഭദ്രാസനവും ഡൽഹി ഗോസ്പൽ കൺവെൻഷൻ 2026-ന്റെ ഭാഗമായി ജൂലൈ 12-ന് ഹൗസ് ഖാസിലുള്ള സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ 'മയക്കുമരുന്നിനോട് ഇല്ലെന്ന് പറയാം' എന്ന സന്ദേശവുമായി ലഹരിവിരുദ്ധ കൂട്ടപ്രതിജ്ഞ സംഘടിപ്പിച്ചു.

ഡൽഹി ഭദ്രാസന സെക്രട്ടറി ഫാ. സജി എബ്രഹാം നേതൃത്വം നൽകിയ പ്രതിജ്ഞയിൽ ഫാ. സാജു തോമസ്, ഫാ. ആരോൺ ജോഷ്വ ജോൺ എന്നിവർ സന്നിഹിതരായിരുന്നു. എസ്.ഡി.ഒ.എഫ്. ഡൽഹി ഭദ്രാസനത്തിന്റെ ഏകദേശം 200-ഓളം അംഗങ്ങൾ ലഹരിവിരുദ്ധ പ്രതിജ്ഞയിൽ പങ്കുചേർന്ന്, മയക്കുമരുന്ന് വിമുക്ത സമൂഹം സൃഷ്ടിക്കാൻ പ്രതിബദ്ധത പ്രഖ്യാപിച്ചു.



"ക്രിസ്തുവിന്റെ ക്രൂശിത രൂപം ചേർന്ന കുരിശുകൾ പാശ്ചാത്യ പാരമ്പര്യത്തിന്റെ ഭാഗമായതിനാൽ നമുക്ക് അത്തരം കാര്യങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതില്ല. ചിത്രങ്ങൾ തെരഞ്ഞെടുക്കുമ്പോഴും പൗരസ്ത്യ പാരമ്പര്യത്തിൽ ഉള്ള ഐക്കണുകൾക്ക് വേണം പ്രാധാന്യം കൊടുക്കേണ്ടത്. തിരുഹൃദയം പ്രകടമാക്കുന്ന തരത്തിലുള്ള ക്രിസ്തുവിന്റെയോ കന്യകമറിയാമിന്റെയോ ചിത്രങ്ങൾ ഒഴിവാക്കുക തന്നെ വേണം, കാരണം ഇവ ഒരു പ്രത്യേക കാലഘട്ടത്തിലെ ലത്തീൻ ഭക്തിമാർഗത്തിന്റെ പ്രകാശനങ്ങളാണ്; സന്തുലന ആത്മീയതയ്ക്ക് അവ സഹായകരമല്ല."

– ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

ബാംഗ്ലൂർ സെന്റ് തോമസ് ഓർത്തഡോക്സ് മഹാ ഇടവകയിലെ SDOF യൂണിറ്റ് ഉത്ഘാടനം ഗീവർഗ്ഗീസ് റമ്പാൻ നിർവ്വഹിച്ചു. യൂണിറ്റ് പ്രസിഡന്റ് ഫാ. ലിജോ ജോസഫ്, ടി. കെ. തോമസ് കോർഎപ്പിസ്കോപ്പാ, ഫാ. ജോൺ ടി. വർഗ്ഗീസ് കുളക്കട, ഫാ. അനു അലക്സാണ്ടർ, വൈസ് പ്രസിഡന്റ് സഖറിയ ജേക്കബ്, ട്രഷറർ വിജു സി. വർഗ്ഗീസ്, സെക്രട്ടറി ജോനോ മാത്യു, ജോ. സെക്രട്ടറി, കമ്മിറ്റി മെമ്പർമാർ എന്നിവർ സമീപം.

ദുബായ് സെന്റ് തോമസ് കത്തീഡ്രൽ SDOF ഭാരവാഹികൾ കേന്ദ്ര പ്രസിഡണ്ട് ഗീവർഗീസ് മാർ പീലക്സീനൊസ് മെത്രാപ്പോലീത്തായോടൊപ്പം.

"നമ്മുടെ സഭ ദൈവത്തിന്റെ വകയാണെന്നും അതു ഒരിക്കലും നശിച്ചു പോകാൻ ഇടയില്ലെന്നും നിങ്ങൾക്കു നല്ലപോലെ വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്. ... സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടു വളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്."

– പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി

കോട്ടയം ഭദ്രാസനത്തിലെ കൂരോപ്പട സെന്റ്. ജോൺസ് ദേവാലയത്തിലെ SDOF ന്റെ നേത്രുത്വത്തിൽ പഠനോപകരണങ്ങളുടെ രണ്ടാം ഘട്ട വിതരണം നടത്തപ്പെട്ടു. കോത്തല ഗവ.വി. എച്ച്.എസ്.എസ്., കൂരോപ്പട എൻ.എസ്.എസ്. എൽ.പി.സ്കൂൾ, ചെന്നാമറ്റം സി.എം.എസ്. എൽ.പി. സ്കൂൾ എന്നീ മൂന്ന് വിദ്യാലയങ്ങളിൽ നടത്തിയ വിതരണത്തിന് സെക്രട്ടറി സന്തോഷ് വർഗീസ്, വൈസ് പ്രസിഡണ്ട് സജി മാത്യു, ജോയിന്റ് സെക്രട്ടറി ബീനാ ജിജി എന്നിവർ നേതൃത്വം നൽകി.